RAMRAJ

വാല്യം 6 • ലക്കം 10 • ജൂൺ 2024 • വില: 18 രൂപ

# വെണ്മ

മലയാളം മാസിക

|പുതിയ കാഴ്ചകൾ|



## അന്വേഷണം

### പ്രത്യേക പതിപ്പ്


LINEN PARK®
SHIRTS • TROUSERS • FABRICS
By
RAMRAJ
It's A Summer
to Chill with
Linen Park
Let the summer style roll
and the cool breezes flow
with Linen Park, pure linen
shirts from Ramraj Cotton,
your go-to choice for
staying cool and stylish
from sunup to sundown.
SCAN QR CODE FOR
STORE LOCATION
Shop Online @ www.ramrajcotton.in

RAMRAJ

ജീവിതത്തിൽ നാം പൂർത്തികരിക്കേണ്ട ലക്ഷ്യങ്ങൾ...
അതിനു നാം നടത്തേണ്ട അന്വേഷണങ്ങൾ...
എങ്ങനെയായിരിക്കണം ആ അന്വേഷണങ്ങൾ...
ആ അന്വേഷണത്തിന് മാർഗനിർദ്ദേശങ്ങൾ നൽകുന്ന

# അന്വേഷണം

## പ്രത്യേക പതിപ്പ്

താങ്കൾക്ക് നൽകുന്നതിൽ അഭിമാനമുണ്ട്.



# അന്വേഷിപ്പിൻ, കണ്ടെത്തും

**പ്രിയരെ,**

നിരവധി അന്വേഷണങ്ങളുടെ ഫലമായാണ്, മറ്റു ജീവരാശികളിൽ നിന്ന് വ്യത്യസ്തമായി, നിരവധി നേട്ടങ്ങൾ കൈവരിച്ച് നമുക്ക് മുന്നേറാനായത്. കുട്ടികളുടെ കണ്ണുകൾ എപ്പോഴും പുതിയ കാഴ്ചകളും കാര്യങ്ങളും തേടിപ്പായുന്നു. അവരുടെ കൈകളും കാലുകളും ആ യത്നത്തിൽ അവിരാമം പങ്കാളികളാകുന്നു. കുട്ടികളുടെ ഓരോ അന്വേഷണവും ഒരു പുതിയ കൃത്യത്തിന്റെ തുടക്കമാണെന്ന് പറയാം. അന്വേഷിക്കുക, കണ്ടെത്തുക എന്ന ബൈബിൾ വചനം അന്വേഷണം എത്ര പ്രധാനമാണെന്ന് നമ്മെ ഉൽബോധിപ്പിക്കുന്നു.

സാധാരണ കുടുംബത്തിൽ ജനിച്ച്, വളരെ കഠിനാധ്വാനം ചെയ്ത് ബിസിനസ്സിൽ വലിയ ഉയരങ്ങൾ കൈവരിച്ച ഒരു വ്യവസായിക്ക് അനന്തരാവകാശി ഇല്ല. തന്റെ മരണശേഷം ഇത്രയും വലിയ വ്യവസായ സാമ്രാജ്യം ആർക്കു കൈമാറുമെന്ന ചിന്തയിലായിരുന്നു ഈ വ്യവസായി. ശരിയായ അനന്തരാവകാശിയെ കണ്ടെത്തിയില്ലെങ്കിൽ താൻ നേടിയ നേട്ടങ്ങൾ എല്ലാം പാഴായി പോകുമെന്ന് അദ്ദേഹം കരുതി.

ആ വ്യവസായ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഉള്ളത് അദ്ദേഹത്തെ പോലെ സാധാരണ കുടുംബങ്ങളിൽ നിന്ന് വന്നവരാണ്. നേതൃത്വത്തിൽ ഉള്ള മുപ്പതു പേരെ അദ്ദേഹം വിളിച്ചു വരുത്തി. അവരിൽ നിന്ന് ഒരാളെ മേധാവിയായി തെരഞ്ഞെടുക്കാമെന്ന് തീരുമാനിച്ചു. അവരെ അദ്ദേഹം കോൺഫറൻസ് ഹാളിലേക്ക് വിളിച്ചു.

'നിങ്ങളിൽ ഒരാളാണ് വരുന്ന വർഷം ഈ സ്ഥാപനത്തിന്റെ മേധാവി. നിങ്ങളിൽ ആരാണ് അതിനു യോഗ്യൻ എന്ന് കണ്ടെത്താൻ ഒരു മത്സരം വയ്ക്കുകയാണ്.നിങ്ങളുടെകൈകാട്ടുക,'അദ്ദേഹം അവരോടു പറഞ്ഞു. തങ്ങളുടെ സന്തോഷം മറച്ചു വച്ച് അവർ ആഹ്ലാദത്തോടെ തങ്ങളുടെ കൈകൾ നീട്ടി. അദ്ദേഹം അവരുടെ കൈയിൽ ഒരു വിത്ത് നൽകി. 'ഈ വിത്ത് നിങ്ങളുടെ വീട്ടിൽ കൊണ്ടു പോയി നട്ടു വളർത്തണം. അത് എങ്ങനെ നിങ്ങൾ വളർത്തുന്നു എന്ന് വിശദമായി എല്ലാ മാസവും എന്നെ രേഖാമൂലം അറിയിക്കണം. ഈ വിത്ത് വളർത്തുന്നതിനെ പറ്റി മറ്റാരോടും പറയാൻ പാടില്ല. നിങ്ങൾ തമ്മിലോ എന്നോടോ ഇതേപ്പറ്റി സംസാരിക്കാൻ പാടില്ല. ഇതേ പറ്റി പുറത്തു പറഞ്ഞാൽ അവർ ഈ ജോലി ഉപേക്ഷിച്ചു പുറത്തു പോകേണ്ടി വരും,' അദ്ദേഹം നിബന്ധനകൾ വച്ചു.

അതീവ സന്തോഷത്തോടെ എല്ലാവരും വിത്ത് എടുത്ത് വീട്ടിലേക്കു മടങ്ങി. ആ വിത്ത് നട്ടു വളർത്തുന്നത് വഴി തങ്ങളുടെ ഭാവി മാറും എന്ന് എല്ലാവരും സ്വപ്നം കണ്ടു. വിത്ത് നന്നായി വളരാൻ അവരുടെ കുടുംബത്തിലുള്ളവരും കഷ്ടപ്പെട്ടു.

അവരിൽ ഒരാളുടെ വിത്ത് മാത്രം എത്ര നനച്ചാലും വളമിട്ടാലും വളരുന്നതേ ഇല്ല. അയാൾ മാത്രമാണ് വളരെ വിഷമത്തോടെ ഇപ്പോൾ ഓഫീസിൽ വരുന്നത്. അയാളുടെ മുഖഭാവം ശ്രദ്ധിച്ച മറ്റുള്ളവർക്ക് അയാളുടെ വിത്ത് നന്നായി വളരുന്നില്ലെന്നു മനസ്സിലായി. മറ്റുള്ളവരുടെ വിത്തുകൾ നന്നായി വളരുന്നുണ്ട് എന്ന് അവരുടെ സന്തോഷഭാവത്തിൽ നിന്ന് വ്യക്തമായിരുന്നു.

ദിവസങ്ങൾ കൊഴിഞ്ഞു. അയാളുടെ ഒരു ശ്രമവും ഫലം കണ്ടില്ല. എന്നാലും അപ്പോഴും അവശ്യമായ വെള്ളവും വളവും നൽകി. പതിനൊന്നാമത്തെ മാസം ആ വിത്ത് മെല്ലെ മുളച്ചു തുടങ്ങി. ഇപ്പോൾ മറ്റുള്ളവരുടെ ചെടികൾ വളർന്നു പൂവിട്ടിരിക്കും. ഇത് മുളച്ചു തുടങ്ങിയിട്ട് എന്ത് ഫലം എന്നയാൾ ചിന്തിച്ചു. എങ്കിലും ആ ചെടിയെ അയാൾ നന്നായി പരിചരിച്ചു.

ഒരു വർഷം കഴിഞ്ഞു. എല്ലാവരും ചെടിച്ചട്ടിയിൽ നന്നായി വളർന്ന തങ്ങളുടെ ചെടി മേധാവിയെ കാട്ടാൻ ഓഫീസിൽ എത്തി. അധികം വളരാത്ത ഒരു മാസം മുമ്പ് മാത്രം മുളച്ച തന്റെ ചെടി മുതലാളിയെ കാട്ടാൻ അയാൾക്ക് ലജ്ജ തോന്നി. എങ്കിലും അയാൾ കഴിഞ്ഞ ഒരു വർഷമായി താൻ പരിചരിച്ചു പോരുന്ന തന്റെ എല്ലാ സമയവും നീക്കി വച്ചിരുന്ന ചെടിയുമായി ഓഫീസിൽ എത്തി. താൻ നടത്തിയ കഠിന പ്രയത്നവും ഫലവും വിവരിക്കുന്ന റിപ്പോർട്ടുകളും അയാൾ മുതലാളിക്ക് സമർപ്പിച്ചു. മറ്റുള്ളവർ അയാളെ നോക്കി ചിരിച്ചു തുടങ്ങി. അയാൾ ഒഴികെ മറ്റെല്ലാവരും തങ്ങളുടെ ചെടി നന്നായി പരിപാലിച്ചു വളർത്തിയിരിക്കുന്നു. അയാൾ ഒഴികെ ആർക്കും ആ സ്ഥാനം കിട്ടും എന്നവർ കരുതി. മുതലാളി സമയമെടുത്തു തീരുമാനം എടുക്കും എന്ന് അവർ കരുതി..

എന്നാൽനന്നായിചെടികൾവളർത്തിയെടുത്ത എല്ലാവരെയും മുതലാളി തന്റെ മുറിയിലേക്ക് വിളിച്ചു. അധികസമയം എടുക്കാതെ പത്തു മിനിറ്റിൽ യോഗം അവസാനിച്ചു. '11 മാസങ്ങൾ മുളക്കാതെ ഇരുന്ന ചെടിയെ വളർത്തി ചെടിയായി കൊണ്ടു വന്നയാൾ മേധാവിയായി നാളെ തന്നെ ചുമതല ഏൽക്കും' എന്നായിരുന്നു മുതലാളി അവരോടു പറഞ്ഞത്. അവരെ വിഷമിപ്പിച്ചത് മറ്റു 29 പേരോടും ജോലി വിട്ടു പോകാൻ മുതലാളി ആവശ്യപ്പെട്ടതാണ്.

വളരെ നന്നായി ചെടി വളർത്തിയ തങ്ങളെ എന്ത് കൊണ്ടാണ് ജോലിയിൽ നിന്ന് നീക്കുന്നത് എന്നവർ ആരാഞ്ഞു. മുതലാളി അതിനു മറുപടി പറഞ്ഞു. 'എന്ത് പ്രതിസന്ധി വന്നാലും അത് നേരിട്ട് മുന്നോട്ടു കൊണ്ടു പോകുന്ന ഒരു മേധാവിയെയാണ് ഞാൻ തേടിയത്. അതിനായി ഒരു വർഷം ചെലവഴിച്ചു. ആയിരക്കണക്കിന് ജീവനക്കാരുംലക്ഷക്കണക്കിന്ഉപഭോക്താക്കളും ഉള്ള ഈ സ്ഥാപനത്തെ എല്ലാ പ്രതിസന്ധിയിലും സത്യസന്ധമായി കഠിനാധ്വാനം ചെയ്തു കൊണ്ടു പോകുന്ന ഒരാളെയാണ് ഞാൻ മേധാവിയായി തെരഞ്ഞത് . അങ്ങനെ ഒരാളെയാണ് ഞാൻ ഇപ്പോൾ തെരഞ്ഞെടുത്തത്. എങ്ങനെയെന്നു അറിയണമോ?' അദ്ദേഹം ചോദിച്ചു 'ഞാൻ എല്ലാവരുടെ കൈയിലും തന്നത് പതിനൊന്നു മാസം നന്നായി നനച്ചു വളമിട്ടു പരിപാലിച്ചാൽ മാത്രം മുളപൊട്ടി വളരുന്ന ഒരു ചെടിയുടെ വിത്താണ്. നിങ്ങളിൽ ഒരാൾ മാത്രമേ അത് വേണ്ട വിധം വെള്ളവും വളവും നൽകി മുളപ്പിച്ചുള്ളൂ. മറ്റുള്ളവർ ഞാൻ കൊടുത്ത വിത്ത് പോലെയുള്ളവ വാങ്ങി മുളപ്പിച്ചു വളർത്തി.'

'പദവി കിട്ടുന്നതിനു മുമ്പേസത്യസന്ധതയും ശരിയായ വഴിയും കൈവെടിയുന്നവർ പ്രതിസന്ധി ഘട്ടത്തിൽ സ്വാർത്ഥതയോടെ പെരുമാറും. ഇയാൾ മാത്രമാണ് പ്രശ്നങ്ങൾ വന്നപ്പോൾ തളരാതെ പല പോംവഴികൾ തേടി വിത്ത് മുളപ്പിച്ചത്. ഇങ്ങനെ സത്യസന്ധതയും മിടുക്കുമുള്ള ഒരാളെയാണ് ഞാൻ ഈ സ്ഥാനത്തിനു തേടിക്കൊണ്ടിരുന്നത്' മുതലാളി പറഞ്ഞു.

ഈ കഥ വായിച്ചപ്പോൾ തനിക്കു ശേഷം ആര് എന്ന ചോദ്യത്തിനു ഉത്തരം കണ്ടെത്താൻ നടത്തുന്ന അന്വേഷണം പുതമയുള്ളതായി തോന്നി. ജീവിതം മുഴുവൻ ഇങ്ങനെ നിരവധി ചോദ്യങ്ങളാണ്. അതിനു മറുപടി തേടി കണ്ടു പിടിക്കുന്നതാണ്ജിവിതം.അന്വേഷണമില്ലെങ്കിൽ നിങ്ങൾ ദുഃഖിക്കേണ്ടി വരും. നിരവധി അന്വേഷണങ്ങൾക്ക് ശേഷമാണ് പുതിയ ദർശനങ്ങൾ ഉണ്ടാകുന്നത്. പുതിയ പുതിയ അന്വേഷണങ്ങൾ നടത്തുക. പുതിയ പുതിയ ദർശനങ്ങൾ കണ്ടെത്തുക. അതാകട്ടെ നിങ്ങളുടെ ലക്ഷ്യം.

സമസ്ത ഐശ്വര്യങ്ങളും ആശംസിച്ചു കൊണ്ട്

**കെ ആർ നാഗരാജൻ**
**സ്ഥാപകൻ**
**രാംരാജ് കോട്ടൺ**





# എന്താണ് നിങ്ങൾ അന്വേഷിക്കുന്നത്?

മെലിഞ്ഞു ശോഷിച്ച ഒരു നായയെ ഒരു വലിയ ചെന്നായ കൊല്ലാൻ ഓടിച്ചിട്ടു. അത് ജീവൻ രക്ഷിക്കാൻ ഓടി കാട്ടിൽ ധ്യാനത്തിലിരിക്കുന്ന ഒരു മുനിയുടെ അടുത്ത് അഭയം തേടി. മുനി ആ നായയെ ഉടനെ ചെന്നായ ആക്കി മാറ്റി. ബലവാനായ ചെന്നായ ആയി മാറിയ ആ നായ ചെന്നായെ ഓടിച്ചു വിട്ടു. പിന്നീട് ഭവ്യമായി സന്ന്യാസിയുടെ അരികിൽ ഇരിപ്പുറപ്പിച്ചു.

അപ്പോൾ അത് വഴി ഒരു ആന വന്നു. ചെന്നായ ആയി മാറിയ നായയെ കണ്ടതും അതിനെ ചവിട്ടി മെതിക്കാൻ അത് ഓടിയടുത്തു. ഉടനെ ചെന്നായയെ സന്ന്യാസി ഒരു ആനയാക്കി മാറ്റി. തന്നെപ്പോലെ ഒരു ആനയെ കണ്ട് പാഞ്ഞടുത്ത ആന അവിടെ നിന്ന് പിൻവാങ്ങി. കുറച്ചു നേരം കഴിഞ്ഞപ്പോൾ ഒരു പുള്ളിപ്പുലി അത് വഴി വന്ന് ആനയെ ആക്രമിക്കാൻ ശ്രമിച്ചു. അപ്പോൾ സന്ന്യാസി നായയെ തീർത്ഥം തളിച്ച് ഒരു പുള്ളിപ്പുലിയാക്കി മാറ്റി. അപ്പോഴാണ് ഒരു സിംഹം അതിനെ ആക്രമിക്കാൻ വന്നത്.വീണ്ടും സന്ന്യാസിയെ അഭയം പ്രാപിച്ചു നായ. അപ്പോൾ സന്ന്യാസി നായയെ ഒരു സിംഹമാക്കി മാറ്റി. സിംഹത്തെ കണ്ട് പുള്ളിപ്പുലി പിന്മാറി. നായ സിംഹമായി തുടർന്നു.

കാട്ടുരാജാവായ സിംഹത്തിന്റെ നിലയിലേക്ക് ഉയർന്ന നായക്ക് അപ്പോൾ ഒരു ദുരാഗ്രഹം തോന്നി. ‘ഇനി സിംഹമായി കഴിയാം. ഒരു പക്ഷേ സന്ന്യാസി തന്നെ പഴയ പോലെ നായയാക്കി മാറ്റിയാലോ? അത് കൊണ്ട് സന്ന്യാസിയെയും കൊന്നു തിന്നാം.’ ഇത് ഉൾക്കണ്ണിൽ കണ്ട സന്ന്യാസി സിംഹത്തെ പഴയ പോലെ നായാക്കി മാറ്റി. നായ കരഞ്ഞു കൊണ്ട് അവിടം വിട്ടു പോയി.

അത്യാഗ്രഹിയായ നായ കുറുക്കുവഴിയിൽ കൂടി സ്ഥാനം നേടാനായിരുന്നു ശ്രമിച്ചത്. അതിനാലാണ് അത് തുടങ്ങിയ ഇടത്ത് തിരിച്ചു വന്നത്. ജീവിതത്തിൽ നാം എന്താണ് തേടുന്നതെന്ന് നമുക്കൊരു ലക്ഷ്യമുണ്ടാകണം. നിരന്തരമായ അന്വേഷണമാണ് നമുക്ക് ജീവിതം. പഠനം, ജോലി, വിവാഹം കുട്ടികൾ, അവരുടെ ആഗ്രഹങ്ങൾ എന്നിങ്ങനെ ചെറിയ വയസ്സ് മുതൽ നമ്മുടെ അന്വേഷണം തുടരുന്നു. വാർധക്യത്തിൽ വിരക്തിയോടെ നാം ഇതിൽ നിന്നെല്ലാം പിന്മാറുന്നു.

ഓരോ കാലത്തും നമ്മുടെ അന്വേഷണം മാറിക്കൊണ്ടിരിക്കും. വസ്തുക്കളും സൗകര്യങ്ങളും തേടുന്ന നമുക്ക് ഒന്ന് കൊണ്ടു തൃപ്തിയാകില്ല. നാം അപ്പോൾ അതിലും മെച്ചപ്പെട്ട കാര്യങ്ങൾക്കായി ശ്രമിക്കും. ആ ചിന്ത വരുന്നതോടെ നമ്മുടെ സന്തോഷം പമ്പ കടക്കും.



ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പ് ഗുഹകളിൽ കഴിഞ്ഞ നമ്മുടെ പൂർവികർ ഇങ്ങനെയൊന്നും തേടിയതില്ല. നാഗരികതയ്ക്ക് മുമ്പുള്ള ആ കാലത്ത് അവർ മനസ്സമാധാനം മാത്രമാണ് തേടിയത്. ഏതു നേരത്തിൽ ഏതു മൃഗം നമ്മെ ആക്രമിക്കും എന്ന് ഭയന്നിരുന്ന അവർ ഗുഹകളിലും മരങ്ങളിലും പാർത്തു പോന്നു. ആ



ഭയം ഒഴിവാക്കാനായിരുന്നു അവരുടെ ശ്രമം. അങ്ങനെ അവർ ചില ആയുധങ്ങൾ ഉണ്ടാക്കി. പിന്നിട് ലോഹങ്ങൾ കൊണ്ട് ആയുധങ്ങൾ നിർമ്മിച്ചു തുടങ്ങി. അങ്ങനെ അവർ മൃഗങ്ങളെ മെരുക്കിയെടുത്തു. കാട് വെട്ടി കൃഷിയിടങ്ങളാക്കി മാറ്റി കൃഷി തുടങ്ങി വീടുകൾ നിർമ്മിച്ചു. ക്രമേണെ നാഗരികത രൂപപ്പെട്ടു. സമാധാനമുള്ള ഒരു ജീവിതത്തിനായ അന്വേഷണമാണ് നാഗരികത രൂപപ്പെടുന്നതിന് സഹായിച്ചത്.


ഇപ്പോൾ ഈ മനസ്സമാധനത്തിനും അപ്പുറം പുതിയ സൗകര്യങ്ങൾ തേടിയുള്ള അന്വേഷണമാണ് നമ്മുടെ സമാധാനം കെടുത്തുന്നത്. സന്തോഷവും സമാധാനവും സംതൃപ്തിയും തേടുന്നവർ അത് നേടി സമാധാനത്തോടെ കഴിയുന്നു. അല്ലാത്തവർക്ക് ഒരിക്കലും സംതൃപ്തി ഉണ്ടാകാറില്ല.

അന്വേഷണമാണ് നമുക്ക് പല സൗകര്യങ്ങളും നൽകിയത്. കാളവണ്ടിയുടെ വേഗം പോരെന്നു കരുതി അന്വേഷിച്ചപ്പോഴാണ് നീരാവി കൊണ്ടു ഓടുന്ന തീവണ്ടികൾ നാം സൃഷ്ടിച്ചത്. ട്രെയിൻ വന്നു, ബസ് വന്നു, പിന്നിട് വിമാനവും വന്നു. മുൻപ് എത്രയോ പേർ ചെയ്തിരുന്ന ജോലി യന്ത്രങ്ങൾ ചുരുങ്ങിയ സമയം കൊണ്ടു ചെയ്യുന്നു. വിവര സാങ്കേതിക വിദ്യാരംഗത്തുള്ളവരുടെ അന്വേഷണമാണ് പുതിയ നേട്ടങ്ങൾക്ക് പിന്നിൽ. അവർക്ക് അത്തരം അന്വേഷണം പ്രധാനമാണ്. പക്ഷേ സാധാരണക്കാരായ നമുക്ക് അതിന്റെ ആവശ്യമില്ല.

തങ്ങൾ എന്താണ് തേടുന്നതെന്ന് അറിയാതെ അന്വേഷിക്കുന്നവർ സ്ഥായിയായി ഒന്നും നേടുന്നില്ല.'നാം ആരാണ്? നാം എന്ത് ചെയ്യുന്നു? എന്താണ് നാം അന്വേഷിക്കുന്നത് എന്നിവ നാം സ്വയം ചോദിക്കണമെന്ന്' ജ്ഞാനിയായ സോക്രട്ടിസ് പറയുന്നു. ജീവിതത്തിൽ എന്താണ് നമ്മുടെ വെല്ലുവിളി? ജീവിതത്തിൽ എന്താണ് നമ്മെ ബലഹീനരാക്കി മാറ്റുന്നത്? ഏതാണ് നമ്മെ മികവിൽ എത്തിക്കുന്നത്? ഈ ചോദ്യങ്ങൾ ഉന്നയിച്ച് നാം ആത്മപരിശോധന നടത്തണം. ഇത് നമ്മുടെ ജീവിതത്തെ അർത്ഥപൂർണ്ണമാക്കും.

ആപ്പിൾ സ്ഥാപനത്തിന്റെ മേധാവിയായിരുന്ന സ്റ്റീവ് ജോബ്സ് ഇത് മറ്റൊരു വിധത്തിൽ പറയുന്നു. മുമ്പ് നാം എങ്ങനെയായിരുന്നു എന്ന് അലസമായി നോക്കിയാൽ മാത്രമേ നമുക്ക് നല്ലയൊരു ഭാവികാലം കരുപ്പിടിപ്പിക്കാൻ കഴിയൂ. ജീവിതത്തിൽ ഒരു കാഴ്ചപ്പാട് രൂപികരിക്കാൻ നാം ഉത്തരങ്ങൾ തേടണം. ധൈര്യം,അധ്വാനം മികവ് എന്നിവ മൂലം ഇവ നമുക്ക് സമ്പാദിക്കാൻ കഴിയുമെന്ന് അദ്ദേഹം പറയുന്നു.

മനുഷ്യർക്ക് അടിസ്ഥാന ആവശ്യം ഭക്ഷണം, വീട്, വസ്ത്രം, തൊഴിൽ എന്നിവയാണ്. സന്തോഷത്തോടെ കഴിയാൻ ഒരു വീട് അവശ്യം. സാമൂഹിക സുരക്ഷക്ക് സുഹൃത്തുക്കളും ബന്ധുക്കളും അവശ്യമാണ്. സ്നേഹമുള്ള ജീവിത പങ്കാളിയും കുടുംബവും വേണം. മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ് ഇതെല്ലാം ഉള്ളത് കൊണ്ടാണ് നാം വേട്ടമൃഗമായി മാറാത്തത്. ഇവയെല്ലാം കടന്ന് സാമൂഹിക അന്തസ്സ് കൈവരിക്കാൻ ചില കാര്യങ്ങൾ കൂടി വേണം. ശാന്തപൂർണ്ണമായ ജീവിതത്തിന് നിറവ്. അറിവ്, സ്നേഹം എന്നിവ. ഇതെല്ലാം നാം തേടുന്നുവെങ്കിൽ നാം അർത്ഥപൂർണ്ണമായ ജീവിതം നയിക്കുന്നുവെന്ന് അർത്ഥം. ●



# തുണയെ തേടി



എല്ലാ വ്യക്തികളും തേടുന്നത് തങ്ങൾക്കനുയോജ്യരായ ഒരു തുണയെയാണ്. അവരോടൊപ്പം ഇരുന്നാൽ സുരക്ഷിതത്വം തോന്നും, അവരോട് സംസാരിച്ചാൽ സന്തോഷം ഉണ്ടാകും, അവരുടെ സാമീപ്യം നമുക്ക് സമാധാനം നൽകും എന്നിങ്ങനെ തോന്നുന്ന ഒരു തുണയെ എല്ലാവരും ഇഷ്ടപ്പെടും. ജീവിത പങ്കാളി, സുഹൃത്ത്, അടുത്ത ബന്ധു എന്നിങ്ങനെ അവർ ആരുമാകാം

എല്ലാവരുംവിജയംതേടുന്നു.ധനത്തിന്വേണ്ടിപ്രവർത്തിക്കുന്നു. എന്നാൽ അതിൽ നിന്നുമുള്ള സന്തോഷത്തിലും ഉപരിയായി ഇത്തരം ബന്ധങ്ങൾ നിങ്ങൾക്ക് ആനന്ദം നൽകുന്നു. ധാരാളം ധനം സമ്പാദിച്ചവർ പോലും അത് ഉപേക്ഷിച്ച് സമാധാനം തേടുന്നത് നാം കണ്ടു വരുന്നു. ബന്ധങ്ങളിൽ സന്തോഷം കാണുന്നു. നല്ല തുണ ലഭിച്ചിരുന്നെങ്കിൽ അവർ ഇങ്ങനെ ചെയ്യില്ലായിരുന്നു.



# അർത്ഥം തേടുന്നു

ഞാൻ എന്തിന് ഇങ്ങനെ ജീവിക്കുന്നു? എന്ത് ചെയ്യണമെന്ന് അറിയില്ല, എന്നിങ്ങനെ ജീവിതത്തിന്റെ അർത്ഥം തേടുന്ന നിരവധിപ്പേർ ഉണ്ട്. സാധാരണ ജീവിതത്തിൽ ഒരു സുഖവും ഇല്ല. സ്നേഹിക്കുന്നത്, മറ്റുള്ളവരാൽ സ്നേഹിക്കപ്പെടുന്നത്, ജീവിതത്തിൽ എന്തെങ്കിലും നേട്ടമുണ്ടാക്കുന്നത്, ലോകത്ത് എന്തെങ്കിലും മാറ്റമുണ്ടാക്കുന്നത് തുടങ്ങി ഓരോരുത്തരുടെ ജീവിതത്തിനും നിരവധി ലക്ഷ്യങ്ങൾ ഉണ്ടാകാം.

ദിവസവും രാവിലെ എണീറ്റ് ഒരുങ്ങി ജോലിക്ക് പോയി ജോലി ചെയ്ത് തിരികെ വന്ന് മറ്റൊരു താൽപര്യങ്ങളും ഇല്ലാതെ, വരുന്നത് വരട്ടെ എന്ന് കരുതി ഉണ്ടും ഉറങ്ങിയും ജീവിക്കുന്നവരുടെ ജീവിതം ജീവിതം എന്ന് പറയാനാവില്ല.

# ശരിയായ ജീവിതം



ജീവിതത്തിൽ എന്ന് സെറ്റിൽ ആകും എന്ന ചോദ്യത്തെ പോലെ യുവാക്കളെ ദേഷ്യം പിടിപ്പിക്കുന്ന മറ്റൊരു ചോദ്യമില്ല. ഏതു പ്രായത്തിൽ ശാന്തിയും സമാധാനവുമുള്ള ഒരു ജീവിതം ഉണ്ടാകും എന്ന് ആർക്കും അറിയില്ല എന്നത് തന്നെ കാരണം.

പല പരീക്ഷകളിൽ പങ്കെടുത്ത്, നല്ല സ്കൂളിൽ ചേർന്ന്, നല്ല മാർക്ക് വാങ്ങി ഉന്നത പഠനത്തിന് ചേർന്ന് കാമ്പസ് ഇന്റർവ്യൂവിൽ ലക്ഷക്കണക്കിനു രൂപയുടെ ജോലി വാങ്ങിയാലും പലർക്കും സെറ്റിൽ ആയ തോന്നലില്ല. ഒരു ജോലിയിൽ ചേർന്നാലും അതിൽ തുടരാൻ പിന്നെയും പഠിച്ചു കൊണ്ടിരിക്കണം. ഓരോ ദിവസവും ഉണ്ടാകുന്ന മാറ്റങ്ങൾക്കു അനുസരിച്ച് മാറണം. അടുത്ത തലമുറയ്ക്ക് പ്രാധാന്യം നൽകണം, നമ്മെക്കാളും മിടുക്കന്മാർ പിന്നാലെ വരുന്നു എന്നതും അവരുടെ സമാധാനം കെടുത്തും. ശാന്തമായ ജീവിതത്തെ ഇത്തരം ചിന്തകൾ ഇല്ലാതാക്കുന്നു.

# നിങ്ങളുടെ ഒപ്പം കൂട്ടുമോ?



മനുഷ്യർഎപ്പോഴുംമറ്റുള്ളവരുടെഅംഗീകാരത്തിനായിവെമ്പുന്നു.തനിക്ക്ചുറ്റുമുള്ളവർ തങ്ങളെ അവരിൽ ഒരാളായി കൂട്ടണം എന്നാണ് അവരുടെ മോഹം.അങ്ങനെയുള്ള അംഗീകാരത്തിനു വേണ്ടിയാണ് മനുഷ്യരിൽ പലരും പാടുപെടുന്നത്. ഒരാളുടെ സ്വത്ത്, സൗകര്യങ്ങൾ, അന്തസ്സ്, ജനപ്രീതി എന്നിവ മാറ്റിവച്ച് ആരും ആരെയും ഇവിടെ തുല്യതയോടെ മാനിക്കാറില്ല.

സ്കൂളിൽ പഠിക്കുമ്പോഴേ ഈ വേർതിരിവ് കടന്നു വരുന്നു. നന്നായി പഠിക്കുന്ന കുട്ടികൾ ആരും പിൻബെഞ്ചിൽ ഇരിക്കാറില്ല. കോളേജ് വിദ്യാഭ്യാസ രംഗത്താകട്ടെ മികച്ച വിദ്യാർത്ഥികൾക്കായി പ്രത്യേക സ്ഥാപനങ്ങൾ തന്നെ ഉയർന്നു വന്നിരിക്കുന്നു. ഒരാൾ പഠിച്ച കോളേജ് വച്ച് അവരുടെ മികവ് വിലയിരുത്തപ്പെടുന്നു. അതിനു ശേഷം ജോലി, വിവാഹം തുടങ്ങി എല്ലാ രംഗത്തും ഈ വ്യത്യാസം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ആ വ്യത്യാസങ്ങളെ മറികടന്ന് നമ്മൾ മതിക്കപ്പെടുമ്പോഴാണ് നമ്മുടെ വില മനസ്സിലാകുന്നത്.

# അവസാനമില്ലാത്ത ആശ

തങ്ങളുടെ ജീവിതസാഫല്യത്തിന് ധാരാളം സാധനസാമഗ്രികൾ വാങ്ങേണ്ടി വരുന്ന കാലമാണിത്. വാഹനം മുതൽ വീട്ടിൽ എ സി വരെ നമുക്ക് വേണ്ടിവരുന്ന സാധന സാമഗ്രികൾ ഏറെയാണ്. ഈ വസ്തുക്കൾക്ക് വേണ്ടിയുള്ള ആശയാണ് പലരുടെയും അന്വേഷണത്തിന് പിന്നിൽ. ഒരു വസ്തു കരഗതമായാൽ അടുത്ത വസ്തുവിന് വേണ്ടിയുള്ള തേടലാണ് അവർ നടത്തുന്നത്. ആശകൾക്ക് അവസാനമില്ല.

# തേടുന്നതിൽ റിലേ റെയ്സ്

മരത്തിൽ വന്നിരിക്കുന്ന ഒരു പക്ഷി അവിടെ സ്ഥിരം ചേക്കേറാറില്ല. ഒരു ശാഖയിൽ നിന്ന് മറ്റൊരു ശാഖയിലേക്ക് നീങ്ങി അവ പറന്ന് മറ്റൊരു മരത്തിൽ ചെന്നിരിക്കും. അവിടെ അത് ഇര തേടിയിട്ടുണ്ടാവില്ല.ആപത്തുകളും അവർ നേരിട്ടിട്ടുണ്ടാവില്ല. ഓരോ നിമിഷവും മരം വിട്ട് മറ്റൊരു മരത്തിൽ കാലുവയ്ക്കുന്ന പക്ഷികളെ പ്പോലെയാണ് ചില വ്യക്തികളും. കഷ്ടപ്പെട്ട് അവർ ചില നേട്ടങ്ങൾ സമ്പാദിക്കും. ഉടനെ അത് ഉപേക്ഷിച്ച് മറ്റൊന്നിൽ കൈവയ്ക്കും. ഇത് മൂലം വളർച്ച ഉണ്ടാകുമെന്ന് പലരും കരുതുന്നു.

ഇത് സത്യം തന്നെ. പഠിക്കുന്നതും ആ പഠനം വച്ചു വളരുന്നതുമാണ് നമ്മുടെ ജീവിതത്തിലെ ലക്ഷ്യം. പക്ഷേ അത് ഏതു തരം വളർച്ചയാണ് എന്നത് പ്രധാനമാണ്. ഉയരത്തിൽ ഇരിക്കുന്നവർ അവിടെത്തന്നെ ഏറെ തങ്ങില്ല. ഒരിക്കൽ അവിടെ നിന്ന് ഇറങ്ങേണ്ടി വരും. പക്ഷേ അവിടെ ഇരിക്കുമ്പോൾ അതിന്റെ ഗുണമേന്മകൾ സന്തോഷത്തോടെ നിദാനമായി അനുഭവിക്കണം. അവിടെ നിന്ന് ഇറങ്ങുമ്പോൾ മറ്റൊരു കൊടുമുടിയിൽ എത്തുന്നതാകണം നിങ്ങളുടെ ലക്ഷ്യം. അല്ലാതെ ആഴക്കടലിൽ ആണ്ടു പോകുന്നതാകരുത്. അത് നിങ്ങൾക്ക് മനസംതൃപ്തി നൽകും. ●





# ഇന്ന് തന്നെ അന്വേഷിക്കുക



അന്വേഷിക്കുക. വീണ്ടും അന്വേഷിക്കുക ...അന്വേഷിച്ചു കൊണ്ടേയിരിക്കുക... അന്വേഷിച്ചാൽ കിട്ടാത്തതൊന്നുമില്ല,' ഒരു സിനിമയിൽ നായകനെ ഒരാൾ നിരന്തരമായി ഉപദേശിക്കുന്നു. അന്വേഷിക്കുന്ന ഒരു കാര്യം വലിയ ബുദ്ധിമുട്ടില്ലാതെ പെട്ടെന്ന് കിട്ടിയാൽ എല്ലാവർക്കും സന്തോഷമാകും. ഏറെക്കാലം നീണ്ട അന്വേഷണത്തിന് ശേഷം വിജയം കൈവരിക്കുന്നത് സുഖകരമായ അനുഭവമാണ്. അന്വേഷിക്കുന്നവർക്ക് വിജയം ലഭിക്കും. പിന്നിട് അന്വേഷിക്കാം എന്ന് പറഞ്ഞു മാറ്റി വയ്ക്കുന്നവർക്ക് വിജയം അപ്രാപ്യമാകും.



ഓരോ നാളും അന്വേഷണം ഭംഗിയായി നടത്താനുള്ള ചില നിർദ്ദേശങ്ങൾ.

- പലരും ഞാൻ എവിടെയോ എത്രയോ ഉയരത്തിൽ ഇരിക്കേണ്ട ആളാണ് എന്ന് പറയുന്നത് നാം കേൾക്കാറുണ്ട്. അത് നടന്നിരുന്നെങ്കിൽ ഞാൻ ഇങ്ങനെ ഇരിക്കുമോ എന്നവർ പുലമ്പും. വേണ്ട വിദ്യാഭ്യാസം നേടാത്തത്, ജോലിയുടെ കാര്യത്തിൽ ശരിയായ തീരുമാനം എടുക്കാത്തത്, വില കുറഞ്ഞിരിക്കുമ്പോൾ വീടോ സ്ഥലമോ വാങ്ങാത്തത് എന്നിങ്ങനെ നിരവധി കാരണങ്ങൾ അവർ നിരത്തും. ഈ പുലമ്പലുകൾ കൊണ്ടൊരു പ്രയോജനവുമില്ല. കാലചക്രത്തെ തിരികെ കൊണ്ടുപോകാൻ നമുക്ക് സാധ്യമല്ല. നമ്മുടെ അന്വേഷണം വരുംകാലത്തെ ലക്ഷ്യമാക്കിയാകണം.
- കഴിഞ്ഞകാലത്തെതെറ്റുകൾഓർത്ത്പലരുംവിമ്മിട്ടപ്പെട്ടിരിക്കും. ഒരു പരാജയത്തെ ഓർത്തു വിഷമിക്കുന്ന ചിലർ ആ തോൽവിയിൽ തന്നെ മുഴുകിയിരിക്കും. നിറവേറാത്ത സ്വപ്നങ്ങൾ അയവിറക്കി ചിലർ കാലം മുഴുവൻ കഴിക്കും. ആരോ ഒരു ബന്ധു അപമര്യാദയായി പെരുമാറിയത് ഓർത്ത് ചിലർ എപ്പോഴും വിഷമിച്ചു കൊണ്ടിരിക്കും. ഇത് അവരെ മുന്നോട്ടു പോകുന്നതിൽ നിന്ന് വീണ്ടും വീണ്ടും തടയുന്നു. വാഹനങ്ങളിൽ പിന്നോട്ട് പോകാൻ റിവേഴ്സ് ഗിയർ ഉണ്ട്. എന്നാൽ നമ്മുക്ക് പിന്നോട്ട് പോകാൻ സാധ്യമല്ല. അതിനാൽ ഒരു തിരിച്ചു പോക്ക് സാധ്യമല്ല എന്ന് മനസ്സിൽ ഉറപ്പിക്കുക.
- കഴിഞ്ഞ കാലത്തെ വിഷമം പിടിച്ച ഓർമ്മകൾ പോലെ ബാല്യകാലത്തെ സ്വപ്നങ്ങളിലും വല്ലാതെ അഭിരമിക്കരുത്. 'എനിക്ക് കിട്ടിയ പോലെ ഒരു ബാല്യ കാലം ആർക്കും കിട്ടിയിരിക്കില്ല. അത്ര സുഖസൗകര്യങ്ങളോടെയാണ് ഞാൻ കഴിഞ്ഞത്' എന്ന് ഓർക്കുന്നത് സുഖകരമായ അനുഭവമാണ്. എന്നാൽ ഉടനെ കുട്ടിയായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. എന്തിനാണ് വളർന്നത്? എങ്കിൽ ഈ പ്രശ്നങ്ങൾ ഒന്നും ഉണ്ടാകില്ലായിരുന്നു എന്നവർ പറയും. ബാല്യ കാലവും വിദ്യാഭ്യാസകാലവും ഓർത്താൽ ഇങ്ങനെ നിരവധി ഓർമ്മകൾ ഉണ്ടാകും. അതോർത്തു ഏറെ വിഷമിക്കുകയോ സന്തോഷിക്കുകയോ ചെയ്യുന്നത് അഭികാമ്യമല്ല.
- പഴയകാലത്തെഓർത്ത്സ്വപ്നങ്ങളിൽകഴിയുന്നവർയാഥാർത്ഥ ലോകത്തിലെ പ്രശ്ങ്ങളിൽ നിന്ന് ഒളിച്ചോടുകയാണ്. ഈ സമയത്ത് ചെയ്യേണ്ട ജോലി ചെയ്താൽ മാത്രമേ നമുക്ക് ഇന്ന് തീർക്കേണ്ട പണികൾ ചെയ്തു തീർക്കാൻ കഴിയൂ. അത് സന്തോഷകരമായ ഒരു ജീവിതത്തിനു സഹായിക്കും. കുടുംബചെലവുകൾ, മാസത്തവണകൾ, വിദ്യാഭ്യാസത്തിനുള്ള ചെലവുകൾ തുടങ്ങി നിരവധി കാര്യങ്ങൾ പരിഹരിക്കേണ്ട നേരത്ത് കഴിഞ്ഞ കാലത്തെ പറ്റി ഓർത്ത് സമയം കളഞ്ഞാൽ ഒരു ഫലവുമില്ല. ഭൂതകാലത്തിൽ അഭിരമിക്കുന്നവർ വർത്തമാനകാലത്തെ നേരിടാനുള്ള ശേഷി കളഞ്ഞു കുളിക്കുകയാണ്.





എന്ത് കൊണ്ട്? എപ്പോൾ? എന്നീ ചോദ്യങ്ങളാണ് എല്ലാവരെയും വിഷമത്തിൽ ആഴ്ത്തുന്നത്. എന്റെയൊപ്പം പഠിച്ച പലർക്കും നല്ല ജോലി കിട്ടി സന്തോഷത്തോടെ കഴിയുന്നു. എനിക്ക് മാത്രം യോജിച്ച ജോലിയോ ശമ്പളമോ കിട്ടിയില്ല.അതെന്തു കൊണ്ടാണ് എന്ന് ആലോചിച്ച് പലരുടെയും മനസ്സമാധാനം തന്നെ പോകും. എന്റെ കൂടെയുള്ള പലരും വീട് പണിതു താമസമാക്കി. എന്ത് കൊണ്ടാണ് എനിക്ക് മാത്രം അത് കഴിയാതെ പോയത്? ഇത് ആലോചിച്ച് പലരും സമയം കളയും. ഒരു വിത്ത് വിതച്ച് മുളച്ച് വലിയ വൃക്ഷമായി വളരുന്നതിന് പ്രകൃതിയാണ് കാരണം. എന്നാൽ ആ വിത്തിന്റെ ശേഷിയെപ്പറ്റി നാം സംശയിച്ചു കൂടാ. പ്രവർത്തിക്കാതെ ചോദ്യങ്ങൾ ചോദിക്കുന്നതിൽ അർത്ഥമില്ല.

നാം നടത്തുന്ന പല കണക്കുകൂട്ടലുകളുടെ ഫലമാണ് നമ്മുടെ ഭാവിജീവിതം. ശരീരഭാരം കുറയ്ക്കണമെന്ന് നിശ്ചയിച്ചാൽ അത് ഒരു ദിവസം കൊണ്ട് സാധ്യമല്ല. കഠിനമായ വ്യായാമം ചെയ്ത്, ഭക്ഷണം കുറച്ച് നിരവധി മാസങ്ങൾ അധ്വാനിച്ചാൽ മാത്രമേ ശരീരഭാരം കുറക്കുക എന്ന ലക്ഷ്യം സാധിക്കൂ. പുതുതായി ഒരു കാര്യം പഠിക്കുന്നത്, ഒരു വീട് വാങ്ങുന്നത്, മറ്റൊരു ജോലി സമ്പാദിക്കുന്നത് തുടങ്ങിയ ലക്ഷ്യങ്ങൾ നേടാൻ ഏറെക്കാലത്തെ ആസൂത്രണവും അധ്വാനവും വേണം. അന്വേഷിക്കുന്നവർ ആസൂത്രണവും നടത്തും.



മറ്റുള്ളവരുമായി നമ്മെ താരതമ്യം ചെയ്യുന്നതാണ് നാം നമ്മോടു ചെയ്യുന്ന ഏറ്റവും മോശമായ കാര്യം. പലപ്പോഴും അത് മോശമായ നിലയിൽ എത്തുന്നു. ‘അയൽക്കാരൻ കാർ വാങ്ങിയിരിക്കുന്നു. എനിക്കിപ്പോഴും പഴയ ബൈക്ക് ആണ്’ എന്ന് ആ കാർ നോക്കി ചിലർ അസൂയയിൽതിളക്കും.ഇങ്ങനെഅയൽക്കാർക്ക് ഉള്ള ഓരോ വസ്തുവും നിങ്ങളെ അസൂയക്ക് ഇരയാക്കുന്നു.എന്നാൽശരിയായലക്ഷ്യത്തോടെ അന്വേഷണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ഇത് മറ്റൊരു വിധത്തിലാകും കാണുന്നത്. ഞാൻ എട്ടു മണിക്കൂർ ജോലി ചെയ്യുമ്പോൾ അയാൾ പത്തു മണിക്കൂർ ജോലി ചെയ്യും. ഞായറാഴ്ച പോലും പുതിയ കോഴ്സ് പഠിക്കാൻ പോകും. ഇങ്ങനെയാണ് അയൽക്കാരൻ കാർ വാങ്ങിയത്. അത് ശ്രദ്ധിച്ച് അയാളും പരിശ്രമം ശക്തമാക്കും.

തങ്ങളുടെ അന്വേഷണം ശരിയായ വഴികളിൽ ആണെന്ന് ഉറപ്പുള്ളവർ ചെറിയ പ്രതിസന്ധികളിൽ തളർന്നു പോകില്ല. തോൽവികൾ അവരെ ബാധിക്കില്ല. വിജയിക്കുമ്പോൾ അതിര് കവിഞ്ഞു ആഹ്ലാദിക്കുകയുമില്ല. ‘ഒരു തോൽവി ഈ സമയത്തിന്റെസൃഷ്ടിയാണ്അത്നമുക്ക്മാറ്റാൻ കഴിയും’ എന്നവർ തീരുമാനിക്കും. ‘വിജയം എന്നതും നൈമിഷികമാണ്. ഇതിൽ ആഹ്ലാദിച്ചിരുന്നാൽ ലക്ഷ്യത്തിൽ എത്തില്ല എന്നും അവർക്കറിയാം. തുടർച്ചയായ വിജയമാണ് നമ്മുടെ അന്വേഷണത്തെ ഫലപ്രാപ്തിയിൽ എത്തിക്കുന്നത് എന്നറിഞ്ഞ് നാം പ്രവർത്തിക്കണം.


# തളരാത്ത അന്വേഷണം


**തങ്ങൾ നടത്തിയ അന്വേഷണത്തിന്റെ ഫലം അനുഭവിച്ച നാലുപേരുടെ കഥ നിങ്ങൾക്ക് മഹത്തായ പാഠമാകും.**

**ലോ**കത്തിലെ മികച്ച എഴുത്തുകാരിൽ ഒരാളാണ് പൗലോ കൊയ്‌ലോ. ഇന്ന് അദ്ദേഹം എന്തെഴുതിയാലും നൂറിലേറെ ഭാഷകളിൽ അത് പരിഭാഷപ്പെടുത്തും. അദ്ദേഹം എഴുതിയ ആൽകെമിസ്റ്റ് ലോകമെങ്ങും അറിയപ്പെടുന്ന നോവലാണ് . നവീനമായ ഭാഷയും, വായനക്കാരിൽ ആത്മവിശ്വാസം ജനിപ്പിക്കുന്ന കഥയും മൂലം നോവൽ ചൂടപ്പം പോലെ വിറ്റ് പോകുമെന്ന് അദ്ദേഹം കരുതി

മുപ്പതിലേറെ വർഷങ്ങൾക്ക് മുമ്പ് അത് ആദ്യമായി അച്ചടിച്ചപ്പോൾ. അതിന്റെ ഒരു പ്രതി മാത്രമാണ് വിറ്റത്.ആറുമാസങ്ങൾ കഴിഞ്ഞാണ് രണ്ടാമത്തെ പ്രതി വിറ്റത്. ഒരു വർഷം കഴിഞ്ഞു. വേറെ ആരും അത് വാങ്ങിയില്ല. പ്രസാധകൻ പുസ്തകം വിറ്റ് പോകില്ലെന്ന് കരുതി കരാർ റദ്ദു ചെയ്തു. പക്ഷേ പൗലോ കൊയ്‌ലോ ആത്മവിശ്വാസം കൈവിട്ടില്ല. പല വർഷങ്ങൾ നീണ്ട അന്വേഷണത്തിന് ശേഷം അത് മറ്റൊരു പ്രസാധകൻ വഴി പുറത്തിറക്കി.പ്രമുഖ പ്രസാധനശാല ആയതിനാൽ ചെറുതായി നോവൽ വിറ്റ് തുടങ്ങി. വായിച്ചവർ വായിച്ചവർ അതിനെ പുകഴ്ത്തിയതോടെ മറ്റു ചിലർ കൂടി പുസ്തകം വാങ്ങി വായിച്ചു. പെട്ടെന്ന് വിൽപ്പന ചൂട് പിടിച്ചു. ഇന്ന് ആൽകെമിസ്റ്റ് എന്ന പുസ്തകത്തിന്റെ 15 കോടിയിലേറെ പ്രതികൾ വിറ്റഴിക്കപ്പെട്ടിരിക്കുന്നു.

തന്റെ ശ്രമം പൗലോ കൊയ്‌ലോ തുടർന്നിരുന്നില്ലെങ്കിൽ ഇത് സാധ്യമാകില്ലായിരുന്നു.




**ബേ**സ് ബോൾ എന്ന പേര് കേട്ടാൽ മൈക്കൽ ജോർഡൻ നമ്മുടെ മനസ്സിൽ വരും. ആ കായിക വിനോദത്തിന്റെ ചരിത്രത്തിൽ അദ്ദേഹത്തെ പോലെ മറ്റൊരാളില്ല. മൈതാനത്തിൽ എവിടെ നിന്നാലും അദ്ദേഹം സമമായി പന്ത് പായിക്കും.

എന്നാൽ സ്കൂളിൽ പഠിക്കുമ്പോൾ അദ്ദേഹത്തെ ആരും ബേസ് ബോൾ ടീമിൽ ചേർത്തില്ല. 'ശരിയായി കളിക്കാൻ അറിയില്ല' എന്നായിരുന്നു അവർ പറഞ്ഞ കാരണം. അന്ന് വീട്ടിൽ പോയി മുറി പൂട്ടി ആ കുട്ടി കരഞ്ഞു കൊണ്ടിരുന്നു. എന്നാലും അവൻ ആ താൽപര്യം ഉപേക്ഷിച്ചില്ല. അടുത്ത ദിവസം ഒരു പരിശീലന കേന്ദ്രത്തിൽ അവൻ ചേർന്നു. ഒരു വർഷം കഠിനമായ പരിശീലനം നടത്തി. വിജയകരമായ പരിശീലനം കഴിഞ്ഞപ്പോൾ അവനു പൊക്കം കൂടി. ആ വർഷം സ്കൂളിൽ ബേസ് ബോൾ സെലക്ഷൻ നടന്നപ്പോൾ അവന അതിൽ സ്ഥാനം കിട്ടി. ആ ടീമിൽ പേരെടുത്ത കളിക്കാരനായി അവൻ മാറി.

മൈക്കേൽ ജോർഡന്റെ മികവ് മൂലം അവനു കോളേജ് ടീമിൽ സ്ഥാനം കിട്ടി. കോളേജുകൾ തമ്മിൽ നടന്ന മത്സരത്തിലെ പ്രകടനത്തിന്റെ പേരിൽ അവന് യു എസ് ടീമിൽ സ്ഥാനം കിട്ടി. അതിനു ശേഷം അവന്റെ കൈകൾ വിശ്രമം അറിഞ്ഞിട്ടില്ല.ആറുതവണദേശീയചാമ്പ്യൻപദവി, അഞ്ചു തവണ മികച്ച കളിക്കാരൻ എന്നിങ്ങനെ സ്ഥാനം നേടിയ അദ്ദേഹം വിരമിച്ചപ്പോൾ യു എസ് കണ്ണീരിൽ കുളിച്ചു.

ആദ്യ തവണ ടീമിൽ സ്ഥാനം കിട്ടാതെ വന്നപ്പോൾ പിന്മാറിയിരുന്നെങ്കിൽ ഇതൊന്നും സാധ്യമാകില്ലായിരുന്നു. 'ജയിക്കാൻ മോഹിക്കുന്നവർ തുടക്കത്തിൽ തോൽക്കാൻ പഠിക്കണം,' മൈക്കേൽ ജോർഡൻ പറയുന്നു.

**ജു**റാസിക് പാർക്ക് എന്ന സിനിമ മൂലം ലോക പ്രശസ്തനായ സിനിമ സംവിധായകനാണ് സ്റ്റീവൻ സ്പീൽബർഗ്.യു എസിലെ കാലിഫോർണിയയിലെ സിനിമ കോളേജിൽ പഠിക്കണം എന്നത് അദ്ദേഹത്തിന്റെ വലിയ മോഹമായിരുന്നു എന്നാൽ സിനിമ പഠിക്കാനുള്ള മിടുക്ക് ഇല്ല എന്ന് പറഞ്ഞ് മൂന്ന് തവണ അവർ അദ്ദേഹത്തിന്റെ അപേക്ഷ നിരാകരിച്ചു പിന്നിട് അദ്ദേഹം മറ്റൊരു കോളേജിൽ ചേർന്നു. യൂണിവേഴ്സൽ സ്റ്റുഡിയോവിൽ ചേർന്നതോടെ അദ്ദേഹം പടിപടിയായി മുന്നേറി.

ഒരു സിനിമ എങ്ങനെ എടുക്കാം എന്ന് പഠിച്ച അദ്ദേഹം ഒരു ചെറിയ പടം എടുത്തു. യൂണിവേഴ്സൽ സ്റ്റുഡിയോ അധികൃതരെ അത് കാട്ടാൻ അദ്ദേഹം ശ്രമിച്ചു. എന്നാൽ വേറെ ഫോർമാറ്റിൽ എടുത്താൽ മാത്രമേ അത് കാണൂ എന്നവർ നിർബന്ധം പിടിച്ചു. ഇങ്ങനെ രണ്ടു തവണ നിരാകരിച്ചെങ്കിലും മൂന്നാം തവണ അവർ പറഞ്ഞ രൂപത്തിൽ എടുത്തു കാട്ടി. വീണ്ടും വീണ്ടും ശല്യം ചെയ്യുന്നു എന്ന് കരുതിയാണ് അവർ പടം കണ്ടത്. പടം കണ്ട് ആശ്ചര്യപരതന്ത്രരായ അവർ അദ്ദേഹത്തിന് ഏഴു വർഷത്തെ കോൺട്രാക്റ്റ് കൊടുത്തു. അങ്ങനെയാണ് ലോക പ്രശസ്ത സംവിധായകനായ സ്പീൽബർഗിന്റെ പിറവി. 'ചില സമയങ്ങളിൽ ഒരു സ്വപ്നം നിങ്ങളുടെ കാതുകളിൽ മെല്ലെ ചൊല്ലും. അത് കേട്ട് മുന്നേറാൻ നിരന്തരമായ അന്വേഷണം അവശ്യം,' അദ്ദേഹം പറയുന്നു.





**അ**ന്താരാഷ്ട്ര ഫുട്ബോളിൽ ഏറ്റവും വലിയ തുക സമ്പാദിച്ച കളിക്കാരനായാണ് ലിയോണേൽ മെസ്സി അറിയപ്പെടുന്നത്. ഇപ്പോഴും വലിയ തുക ശമ്പളം ലഭിക്കുന്ന താരമാണ് മെസ്സി. ലോകത്തിലെ മികച്ച ഫുട്ബോൾ താരത്തിനുള്ള സമ്മാനം അഞ്ചു തവണ നേടിയ കളിക്കാരനാണ് അദ്ദേഹം. എന്നാൽ ഇതൊന്നും പൊടുന്നനെ ഉണ്ടായതല്ല.

സ്കൂൾ പ്രായത്തിലെ ഫുട്ബോളിൽ ഇറങ്ങിയതാണ് മെസ്സി. പക്ഷേ, പതിനൊന്നാം വയസ്സിൽ അവനെ സ്കൂൾ ടീമിൽ നിന്ന് പുറത്താക്കി. മെലിഞ്ഞു പൊക്കം കുറഞ്ഞിരുന്ന തിനാലായിരുന്നു ആ നടപടി. ഹോർമോൺ കുറവ് മൂലം മറ്റു കൂട്ടുകാരുടെ വളർച്ച മെസ്സിക്ക് ഉണ്ടായിരുന്നില്ല. ഇതേ തുടർന്ന് മെസ്സി ഹോർമോൺ ചികിത്സക്ക് വിധേയനായി. വേദന കുറക്കാൻ ഏഴു ദിവസം ഒരു കാലിലും അടുത്ത ഏഴു ദിവസം അടുത്ത കാലിലും ആയിരുന്നു കുത്തിവയ്പ്. ഇത് ആറു വർഷം തുടർന്നു അതിനു ശേഷം ടീമിൽ ചേർന്നു അത്ഭുതങ്ങൾ കാട്ടി. നീണ്ട പരിശ്രമംവിജയം കണ്ടു.

പ്രകൃതി തനിക്ക് എതിരായിരുന്നു എങ്കിലും തന്റെ പരിശ്രമം കൊണ്ടു അദ്ദേഹം വിജയം കൊയ്തു.'ഒരു കാര്യത്തിൽ നിങ്ങൾക്ക് ഗാഢമായ അഭിനിവേശമുണ്ടെങ്കിൽ എതു തടസ്സവും എതിർത്ത് നിങ്ങൾ വിജയം നേടും,' മെസ്സി പറയുന്നു.




# അന്വേഷണത്തെ സഹായിക്കുന്ന 8 ഗുണങ്ങൾ!

**വിദ്യാഭ്യാസം, ജോലി, ബിസിനസ്, ജീവിതം തുടങ്ങി ഏതു രംഗത്തും നിങ്ങളുടെ അന്വേഷണം ഫലപ്രദമാകാൻ 8 ഗുണങ്ങൾ ആവശ്യമാണ്. അവ:**



**1. പ്രവൃത്തിയിൽ മികവ് :**

ഓരോരുത്തരും ചില വിഷയങ്ങളിൽ മറ്റുള്ളവരേക്കാളും മികവ് പ്രകടിപ്പിക്കുന്നവരായിരിക്കും. ചിലർ ഇത് വിശ്വസിക്കില്ല. ഏതു വിഷയത്തിലാണ് തങ്ങളുടെ മികവ് എന്ന് അവർക്ക് അറിയില്ല എന്നതാണ് കാരണം.. സവിശേഷമായ ആ മികവ് കണ്ടറിഞ്ഞ് അത് ജീവിതത്തിൽ ഉപയോഗപ്പെടുത്തണം. ആ കഴിവിന് ചേർന്ന ഒരു ജോലിയാകണം നിങ്ങൾ സ്വീകരിക്കേണ്ടത്. കഴിവുമായി ബന്ധം ഇല്ലാത്ത ഒരിടത്ത് ഇരുന്നാൽ നിങ്ങളുടെ കഴിവ് ഉപയോഗിക്കാൻ കഴിയില്ല. നിങ്ങൾക്ക് അർഹിക്കുന്ന ബഹുമാനവും ലഭിക്കില്ല.



**2. കഴിയും എന്ന വിശ്വാസം :**

നിങ്ങൾ എന്ത് ചെയ്താലും ഇത് നിങ്ങളാൽ പൂർത്തീകരിക്കാൻ കഴിയും എന്ന വിശ്വാസത്തോടെ കളത്തിൽ ഇറങ്ങണം. നിങ്ങളുടെ ഉൾപ്രേരണകൾ നിങ്ങളെ മുന്നോട്ടു നയിക്കണം. ആത്മവിശ്വാസം ഇല്ലാത്ത പ്രവർത്തനം സ്റ്റീയറിങ്ങ് വീൽ ഇല്ലാത്ത കാർ പോലെയാണ്. അത് നിങ്ങളെ ഒരിടത്തും കൊണ്ടു ചെല്ലില്ല. നിങ്ങൾ ചെയ്യുന്ന പ്രവർത്തിയിൽ ഇത് ശരി, ഇത് തെറ്റ് എന്ന് ലോക രീതി നോക്കി കണ്ടെത്തണം. അത് നടപ്പാക്കുകയും വേണം. തെറ്റോ ശരിയോ എന്തുമാകട്ടെ, ഏതെങ്കിലും ഒന്നിൽ നിങ്ങൾ പ്രവർത്തിക്കണം.

**3.നിറഞ്ഞ മനസ്സോടെ പ്രവർത്തിക്കണം:**



പഠനം അവസാനിപ്പിച്ച് ജോലിക്കോ തൊഴിലിനോ പോകുന്ന നാം നീണ്ട കാലം അതിൽ തന്നെ ചെലവഴിക്കുന്നു. ആഴ്ചയിൽ അഞ്ചു ദിവസവും ജോലി

ചെയ്യുന്നു. അതെപ്പറ്റി മാത്രം ചിന്തിക്കുന്നു. പലരും അർദ്ധമനസ്സോടെയാണ് ജോലി ചെയ്യുന്നത്. തങ്ങളുടെ ജോലിയിൽ അവർക്ക് തൃപ്തി ഇല്ല. എങ്ങനെയുണ്ട് കാര്യങ്ങൾ എന്ന് ചോദിക്കുമ്പോൾ അങ്ങനെ പോകുന്നു എന്ന് വിരക്തിയോടെ മറുപടി കിട്ടും. ആ ജോലിയെ അവർ വലുതായി കാണുന്നില്ല എന്നതാണ് കാരണം. വരുമാനം കിട്ടുന്ന കാര്യമായതിനാൽ മാത്രമാണ് അവർ ആ ജോലി ചെയ്യുന്നത്. എന്നാൽ ഓരോരുത്തർക്കും അടയാളം അവർ ചെയ്യുന്ന തൊഴിലാണ്. അതാണ് അവരെ ജീവിതത്തിൽ ഉയരത്തിൽ എത്തിക്കുന്നത്. ഇത് ഇല്ലെങ്കിൽ ഞാൻ എന്താകും എന്ന് ആലോചിച്ചാൽ മനസ്സ് വിഷമിക്കും.



**4. പുതുമയും ഭാവനാശേഷിയും:**

മനുഷ്യരുടെ സവിശേഷമായ അടയാളം അവരുടെ ചിന്താശേഷിയാണ്. മൃഗങ്ങളും പക്ഷികളും എങ്ങനെയോ ജീവിച്ചു പോകുന്നു. മനുഷ്യർ മാത്രമാണ് നമ്മുടെ പൂർവികർ ചെയ്തത് അതേ പടി ചെയ്യാതെ വ്യത്യസ്തമായി ചിന്തിച്ചു പുതുമയോടെ കാര്യങ്ങൾ ചെയ്യുന്നത്. ഈ കഴിവ് മൂലമാണ് നമുക്ക് നാഗരികത കെട്ടിപ്പടുക്കാൻ സാധിച്ചത്. ഒരു കാര്യം മറ്റുള്ളവർ ചെയ്യുന്നത് പോലെ ചെയ്യാതെ വ്യത്യസ്തമായി പുതുമയോടെ ചെയ്യുന്നവർ വലിയ ഉയരത്തിൽ എത്തും. കൂട്ടത്തിൽ ഒരാൾ എന്ന നിലയിൽ അല്ലാതെ വ്യത്യസ്തനായ വ്യക്തിയായി അയാളെ എല്ലാവരും കാണും. അവർ തങ്ങളുടെ ഭാവനാശേഷി മൂലം പുതിയ പാതകൾ സൃഷ്ടിക്കും.

**5. സമൂഹത്തിനൊപ്പം നടക്കുക:**

ബന്ധുക്കളും സുഹൃത്തുക്കളുമാണ് നമ്മുടെ ജീവിത സന്തോഷങ്ങൾക്ക് കാരണം. എല്ലാവരുമായി നല്ല ബന്ധംസ്ഥാപിക്കുക.മറ്റുള്ളവരെ സഹായിക്കുന്നവർക്ക് തിരികെ സഹായം ലഭിക്കും. ആരുടെയും യാത്ര ഒറ്റപ്പെട്ടതല്ല. മറ്റുള്ളവരുടെ സഹായത്തോടെ മുന്നേറുമ്പോൾ ആ ജീവിതം അർത്ഥമുള്ളതാകും.



**6. ആത്മാഭിമാനം ഉണ്ടായിരിക്കണം:**



കണ്ണാടിയിൽ കാണുന്ന തന്റെ രൂപത്തെയും അടയാളങ്ങളെയും ഇഷ്ടപ്പെടാത്ത വ്യക്തികൾക്ക് സന്തോഷത്തോടെ ജീവിതം നയിക്കാൻ കഴിയില്ല ഒട്ടേറെപ്പേർ തങ്ങളെ പറ്റി തെറ്റായ വിധത്തിൽ ചിന്തിക്കുന്നു. തെറ്റായ തീരുമാനങ്ങൾ എടുക്കുന്നു. തങ്ങളുടെ ബലഹീനതകൾ നോക്കി തങ്ങളെ മോശമായി വിലയിരുത്തുന്നു. അവർക്ക് തങ്ങളുടെ മഹത്വം മനസ്സിലാകുന്നില്ല. അതിനു നന്ദി പറയാറുമില്ല. നെഗറ്റീവ് ചിന്തകളുമായി മുന്നിട്ടിറങ്ങിയാൽ മനസ്സിൽ ആവേശം ഉണ്ടാകില്ല.

**7. മാർഗത്തിൽ സന്തോഷം കൊള്ളൽ:**

നമ്മൾ ഒരു വിനോദ യാത്രക്ക് പോകുകയാണെന്നിരിക്കട്ടെ. ആ സ്ഥലത്ത് എത്തിയാൽ മാത്രം സന്തോഷം ലഭിക്കും എന്ന് കരുതരുത് വീട്ടിൽ നിന്നിറങ്ങി നാം യാത്ര തുടങ്ങുമ്പോൾ ആ യാത്ര തന്നെ നമുക്ക് ആനന്ദം നൽകും. പുതിയ ഒരു വിഷയം പഠിക്കുന്നു. അതിൽ വൈദഗ്ധ്യം നേടിയാൽ മാത്രം സന്തോഷം ലഭിക്കും എന്ന് കരുതരുത്. ഓരോ ദിവസവും പഠനത്തിൽ മുഴുകുമ്പോൾ സന്തോഷം ഉണ്ടാകണം. ഈ സന്തോഷകരമായമാനസികനില നിങ്ങളുടെ അന്വേഷണത്തിന് ആനന്ദം പകരും.



**8. ജീവിതാർത്ഥം മനസ്സിലാക്കൽ:**



ജീവിതത്തിൽ രണ്ടു നാളുകൾ അതി പ്രധാനമാണ്. അതിലൊന്ന് ജനിച്ച ദിവസമാണ്. നാം എന്തിനു പിറന്നു എന്ന് തിരിച്ചറിയുന്ന നാളാണ് രണ്ടാമത്തേത്. ഏതെങ്കിലും ഒന്ന് ചെയ്തു എങ്ങനെയോ ജീവിച്ചു പോകുന്നവർഒരുഅടയാളവുംഅവശേഷിപ്പിക്കില്ല. മറ്റുള്ളവർക്ക് അടയാളം കാട്ടുന്ന വിധം ജീവിച്ചാൽ ആ ജീവിതത്തിനു ഒരു അർത്ഥമുണ്ട്. നാം ജനിച്ചത് ഇത് നേടാനാണെന്ന ധാരണയോടെ മുന്നോട്ടു പോകുമ്പോൾ നാം വൻവിജയം നേടും. അത് നമുക്ക് തരുന്ന മനസംതൃപ്തി അമൂല്യമായിരിക്കും. ●


# പാഠം പഠിച്ചുവോ?

ജീവിതത്തിൽ എന്ത് നടക്കുന്നു എന്ന് നോക്കിയല്ല നമുക്ക് സന്തോഷം ലഭിക്കുന്നത്. ജീവിതത്തിൽ ഉണ്ടാകുന്ന വിഷയങ്ങളോട് നാം എങ്ങനെ പ്രതികരിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ് സന്തോഷമോ സങ്കടമോ ഉണ്ടാകുന്നത്. മരുന്നുകളെപ്പോലെ സന്തോഷത്തിനു എക്സ്പയറി ഡേറ്റ് ഇല്ല. ഏതെങ്കിലും കാര്യം തെറ്റായി നടക്കുമ്പോൾ നമ്മളെയോ മറ്റുള്ളവരേയോ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. 'ഇതിൽ നിന്ന് ഞാൻ എന്ത് പഠിച്ചു? അടുത്ത ദിവസം ഞാൻ എന്ത് സവിശേഷ നടപടി കൈക്കൊള്ളണം?' എന്ന് നാം സ്വയം ചോദിച്ചാൽ നമുക്ക് സന്തോഷം തിരികെ വരും.

നാം എടുക്കുന്ന തീരുമാനങ്ങൾ ആകണം നാം സഞ്ചരിക്കേണ്ട പാത നിർണ്ണയിക്കുന്നത്. മറ്റുള്ളവരുടെ പ്രവർത്തി നോക്കിയോ പ്രതീക്ഷ നോക്കിയോ നാം നമ്മുടെ പ്രവർത്തന പഥം തീരുമാനിക്കരുത്. നമ്മെ അളക്കാനുള്ള അളവുകോൽ മറ്റുള്ളവരുടെ കയ്യിൽ ഇല്ല. നമുക്ക് എങ്ങനെയുള്ള ജീവിതമാണ് വേണ്ടതെന്നു നാം തന്നെ തീരുമാനിക്കണം.







# സന്തോഷം തേടണമോ?

എല്ലാവരുടെയാത്രയും സന്തോഷം തേടിയാണ്. പരീക്ഷയിൽ നല്ല മാർക്ക് കിട്ടിയാൽ, നല്ല കോളേജിൽ അഡ്മിഷൻ കിട്ടിയാൽ, നല്ല ജോലി കിട്ടിയാൽ, അനുയോജ്യയായ ജീവിത പങ്കാളിയെ ലഭിച്ചാൽ ജീവിതം സന്തോഷകരമാകുമെന്നു പലരും കരുതുന്നു. ഏതെങ്കിലും ഒരു വസ്തുവോ വ്യക്തിയോ തങ്ങൾക്കു സന്തോഷം തരുമെന്ന് അവർ കരുതുന്നു.

എന്നാൽ യാതൊരു കാരണവുമില്ലാതെ തന്നെ സന്തോഷത്തോടെ കഴിയുന്നവർക്ക് ആനന്ദം തേടി നടക്കേണ്ട കാര്യമില്ല. എന്ത് സംഭവിച്ചാലും അതിനെ ഭാവഭേദമില്ലാതെ സ്വീകരിക്കാൻ കഴിയുന്നവരെ മാനസിക വിഷമങ്ങൾ ബാധിക്കില്ല. നല്ലത് നടന്നാൽ സന്തോഷം, തെറ്റായ വിധത്തിൽ കാര്യങ്ങൾ വന്നാൽ തിരുത്തി മുന്നേറും എന്നാവും അവരുടെ ഭാവം.

# ഒന്നും മാറ്റി വയ്ക്കരുത്

ക്രിക്കറ്റ് കളിക്കാൻ ആഗ്രഹമുണ്ടോ? പ്രായം ആയി എന്നോർത്തു നാണിക്കാതെ കളിക്കുക. ചിത്രം, വരയ്ക്കാൻ തോന്നുന്നുവോ. മടിക്കാതെ ചിത്രം വരയ്ക്കുക. വിനോദയാത്ര സന്തോഷം നൽകുമെന്നു കരുതുന്നുവോ? ഇപ്പോൾ തന്നെ ബാഗും എടുത്ത് യാത്ര തുടങ്ങുക. ജീവിതത്തിൽ ഒരു പ്രായത്തിനു മുമ്പോ റിട്ടയർമെന്റിനു ശേഷമോ ചില കാര്യങ്ങൾ സന്തോഷത്തോടെ ചെയ്യാൻ കഴിയൂ എന്ന് ചിലർ കരുതുന്നു. എന്നാൽ സന്തോഷം തരുന്ന ഒരു കാര്യവും മാറ്റി വയ്ക്കരുത്.

സന്തോഷം എന്നത് പറന്നു നടക്കുന്ന ഒരു ചിത്രശലഭം പോലെയാണ്. നിങ്ങൾ അതിനെ പിടിക്കാൻ ഓടിയാൽ അത് പറന്നകലും. ശാന്തമായി അതിനെ സ്വീകരിച്ചാൽ അത് നിങ്ങളുടെ തോളിൽ വന്നിരിക്കും.



# ഉത്തരവാദിത്തം നിങ്ങൾക്കാണ് !

നിങ്ങളുടെ ജീവിതത്തിൽ സന്തോഷം തരുന്നത് മറ്റാരുമല്ല. നിങ്ങൾക്കാണ് അതിന്റെ ഉത്തരവാദിത്തം. എത്രയോ തരം ഭക്ഷണം ഉണ്ടെങ്കിലും നമുക്ക് രസിക്കുന്ന രുചികരമായ ഭക്ഷണം നാം തേടി പോകും. ആഹാരത്തിൽ എന്നത് പോലെ നമ്മുടെ ഉണർവിലും നമ്മുടെ ഇഷ്ടങ്ങൾ തന്നെ തേടണം. നമുക്ക് ചുറ്റും എന്ത് നടന്നാലും സന്തോഷം മാത്രമേ നമ്മുടെ മനസ്സിൽ കയറ്റു എന്ന് ദൃഢനിശ്ചയം ചെയ്യണം.

ജീവിതം മുഴുവൻ ശോകമായി കഴിയുന്നവർ ആരുമില്ല. ജീവിതം മുഴുവനും സന്തോഷത്തോടെ കഴിയുന്നവരും ഇല്ല. ഏതൊരു സാഹചര്യത്തിലും സന്തോഷത്തോടെ ഇരിക്കാൻ ഒരേ കാരണം കണ്ടുപിടിച്ചാൽ മതി. മറ്റുള്ളവരോടു എന്തെങ്കിലും യാചിക്കാൻ നമുക്ക് ലജ്ജ തോന്നും. അതേ പോലെ നമ്മുടെ കൈവശമുള്ള സന്തോഷം മറ്റുള്ളവർക്ക് കൊടുക്കാനും കഴിയില്ല.

# സന്തോഷത്തിന്റെ അടയാളം ഏതാണ്?

പണമാണ് സന്തോഷത്തിനു പിന്നിൽ എന്ന് പലരും കരുതുന്നു.അതിന്റെപിന്നിൽഅവർഓടുന്നു.ആവശ്യമായ പണം സമ്പാദിക്കാൻ അവർ ഇരവു പകൽ കഷ്ടപ്പെടുന്നു. ദിവസം നിരവധി മണിക്കൂർ അധ്വാനിക്കുന്നു അത് ശരീരത്തെ ബാധിക്കുന്നു വിനോദങ്ങൾക്ക് സമയമില്ല. സുഹൃത്തുക്കളുമായി സംസാരിക്കാൻ കഴിയുന്നില്ല.. കുടുംബവുമായി സമയം ചെലവഴിക്കാൻ പറ്റുന്നില്ല. ഇതെല്ലാം സന്തോഷം തരുന്ന കാര്യമാണെന്ന് അവർക്ക് അറിയില്ല. ആവശ്യത്തിനു പണം ലഭിച്ചാൽ അതോടൊപ്പം സന്തോഷവും ലഭിക്കും എന്നവർ കരുതുന്നു. എന്നാൽ അവശ്യമായ പണം എത്ര എന്ന് അവർക്ക് നിശ്ചയമില്ല.



ഒരിക്കൽ ആരോഗ്യം എല്ലാം പോയി സുഹൃത്തുക്കൾ ഇല്ലാതായി, ഒറ്റപ്പെട്ടു കഴിയുമ്പോൾ മാത്രമായിരിക്കും തനിക്കു നഷ്ടപ്പെട്ട സന്തോഷത്തെ പറ്റി അയാൾ അറിയുക. അപ്പോൾ കാലം കടന്നു പോയിരിക്കും.

# ഏതിലാണ് സന്തോഷം ലഭിക്കുക?



ഓരോരുത്തർക്കും ഓരോ വിധത്തിലായിരിക്കും സന്തോഷം ഉണ്ടാകുക.ചിലർക്ക്കുടുബത്തിലുള്ളവരുടെമുഖത്തെസന്തോഷം ആനന്ദം നൽകും. മറ്റു ചിലർക്ക് മറ്റുള്ളവർ തന്നെ ആദരിച്ചാൽ സന്തോഷം.ചിലർക്ക്വസ്തുക്കൾസമ്പാദിക്കുന്നതിൽസന്തോഷം. ചിലർക്ക് സദ്യ കഴിച്ചാലേ സന്തോഷം. ഓരോരുത്തർക്കും സന്തോഷം ലഭിക്കുന്ന രീതി വ്യത്യസ്തമാണ്. പക്ഷേ എല്ലാവരും സന്തോഷത്തിനു പിന്നാലെയാണ് എപ്പോഴും.

സന്തോഷം നാം തേടി ലഭിക്കേണ്ട ഒന്നല്ല. ആ തേടൽ തന്നെയാകുന്നു സന്തോഷകരമായ കാര്യം. 'സംഗീതം എന്നത് ശബ്ദംമാത്രമല്ല,ശബ്ദങ്ങൾക്കിടയിലുള്ളമൗനവുംസംഗീതമാണ്' എന്ന് ഒരു പ്രശസ്ത സഗീതജ്ഞൻ പറഞ്ഞത് പോലെയാണ് ഇത്. അതെ പോലെ വിഷമങ്ങൾക്കിടയിൽ വരുന്ന കാലമാണ് സന്തോഷകരമായ നാളുകൾ. നാം അത് അറിയുന്നില്ല. ●



# സമാധാനം എങ്ങനെ കണ്ടെത്താം?

വിജയകരമായി ബിസിനസ് നടത്തി വന്ന ഒരു യുവാവ് ഉണ്ടായിരുന്നു. അയാൾക്ക് പെട്ടെന്ന് ബിസിനസ്സിൽ ഒരു പ്രതിസന്ധി നേരിട്ടു. വല്ലാത്ത അരിശവും നിരാശയും ബാധിച്ച അയാൾ ഓഫീസിൽഎല്ലാവരുമായിവഴക്കടിച്ചു.ആകോപം അയാൾ വീട്ടിലും കാട്ടി 'ഒരു ബന്ധവും ഇല്ലാത്ത വിഷയത്തിൽ എന്തിനാണ് ദേഷ്യപ്പെടുന്നത്' എന്ന് ചോദ്യം ഉയർന്നെങ്കിലും അതും അയാളുടെ കോപം ശമിപ്പിച്ചില്ല.

എല്ലാവരും തനിക്കെതിരാണ് എന്ന് അയാൾ കരുതി.ശത്രുക്കൾ വരുമ്പോൾ കോട്ട അടക്കുന്നത് പോലെ അയാൾ തനിക്കു ചുറ്റും വേലി കെട്ടി. ഇത് മൂലം ബിസിനസ് നഷ്ടത്തിലായി. വീട്ടിൽ സമാധാനം ഇല്ലാതായി.

അവസാനംഅയാൾഒരുമനശാസ്ത്രവിദഗ്ധനെ സന്ദർശിച്ചു ഉപദേശം തേടി. 'മനസ്സിലെ നെഗറ്റീവ് ചിന്തകൾ ഒഴിവാക്കണം. നിന്റെ പ്രശ്നങ്ങൾ എന്തായാലും ഉത്സാഹത്തോടെ കഴിയണം. നിനക്ക് ചുറ്റും സന്തോഷം നിറഞ്ഞിരിക്കുന്നു. നീ നേരിടുന്ന എല്ലാ പ്രശ്നങ്ങളും സമാധാനത്തോടെ വിലയിരുത്തുക. മറ്റുള്ളവർ പറയുന്നത് വിശദമായി കേട്ട് നിന്റെ അഭിപ്രായം പറയുക. നിനക്ക് ലഭിച്ച എല്ലാ കാര്യത്തിനും നന്ദിയുള്ള വ്യക്തിയായിരിക്കണം. നിന്റെ സ്ഥിതി മാറും' അദ്ദേഹം ഉപദേശിച്ചു.

ആ യുവാവ് ആ ഉപദേശം അനുസരിച്ചു പ്രവർത്തിച്ചു തുടങ്ങി. ഒരു മാസത്തിനുള്ളിൽ കച്ചവടത്തിൽ ലാഭം കണ്ടു തുടങ്ങി. വീട്ടിലും സന്തോഷം നിറഞ്ഞു. നെഗറ്റീവ് ചിന്തകൾ ഒഴിവാക്കി മനസ്സിൽ ശാന്തമായും സന്തോഷമായും ഇരുന്നാൽ അത് വലിയ ഗുണം നൽകും. അങ്ങനെ സമാധാനം കൈവരിക്കാനുള്ള വഴികൾ ഏതെല്ലാമാണ്:

- സ്വയം അറിയുക. നിങ്ങൾ എന്തിനെല്ലാം വില കൽപ്പിക്കുന്നു, നിങ്ങളുടെ ലക്ഷ്യങ്ങൾ എന്താണ്, എന്തെല്ലാമാണ് നിങ്ങൾക്ക് സന്തോഷം നൽകുന്നത് എന്ന് അറിഞ്ഞു പ്രവർത്തിക്കുന്നത് ഉത്തമം. അത് നിങ്ങൾക്ക് സമാധാനവും സംതൃപ്തിയും നൽകും.
- ഏതെങ്കിലും പ്രശ്നങ്ങൾ മനസ്സിനെ ഉലയ്ക്കുമ്പോൾ ധ്യാനവും യോഗയും ചെയ്യുക, അല്ലെങ്കിൽ നടത്തത്തിൽ ഏർപ്പെടുക, ഹാസ്യ പരിപാടികൾ കാണുക, ഉത്സാഹഭരിതരായ സുഹൃത്തുക്കളുമായി സമയം ചെലവിടുക.ഇത് പോലെയുള്ള കാര്യങ്ങൾ നിങ്ങളെ വിഷമങ്ങൾ മറികടക്കാൻ സഹായിക്കും.
- പ്രശ്നങ്ങൾ മനസ്സിൽ വച്ച് ഉറങ്ങാൻ പോകരുത്. അവ പരിഹരിക്കാൻ എന്തെല്ലാം വഴികളുണ്ട് എന്നാലോചിച്ച് ഉറങ്ങാൻ പോകുക. നല്ല സമാധാനവും ഉറക്കവും കിട്ടും.
- വിഷമകരമായ അവസ്ഥകളിലും ഭയക്കാതെ സത്യം പറയുന്നത് അപ്പോൾ ബുദ്ധിമുട്ട് ഉണ്ടാക്കുമെങ്കിലും അത് കാലക്രമേണ നിങ്ങൾക്ക് ഗുണകരമായി ഭവിക്കും. നിങ്ങൾ സത്യസന്ധനായ വ്യക്തിയാണ് എന്ന ധാരണ മറ്റുള്ളവർക്കുണ്ടാകും.
- നിങ്ങളെ സ്നേഹിക്കുന്ന വ്യക്തികളോട് നിങ്ങളുടെ വിഷമങ്ങൾ പറഞ്ഞ് ആശ്വാസം തേടുക. സന്തോഷകരമായ കാര്യങ്ങൾ എല്ലാവരോടും പറഞ്ഞ് ആഘോഷിക്കുക. ദേഷ്യം പരസ്യമായി പ്രകടിപ്പിക്കാതെ ഒതുക്കത്തിൽ കാട്ടുക. ഒരു പ്രശ്നവും മനസ്സിൽ വച്ചു കൊണ്ടിരിക്കരുത്.
- എത്ര വിഷമകരമായ പ്രശ്നം ആണെങ്കിലും അതിൽ നിന്ന് മാറി പ്രശ്നം വിശകലനം ചെയ്യുക. ആ പ്രശ്നം പരിഹരിക്കാനുള്ള മാർഗം നിങ്ങൾ കണ്ടെത്തും.


RAMRAJ
LITTLE STARS
KIDS DHOTIS • SHIRTS
SCAN QR CODE FOR
STORE LOCATION
Shop Online @ www.ramrajcotton.in





Shop Online @ www.ramrajcotton.in


Kokhila®
WOMEN'S INNERWEARS
BY
RAMRAJ©


RAMRAJ
COTTON
WHITE SHIRTS
SCAN QR CODE FOR
STORE LOCATION
Available @ Ramraj Showrooms & All leading textile shops | Shop online @ www.ramrajcotton.in

# തീരാത്ത തേടൽ...

തീരാത്ത തേടലാണ് ഈ ജന്മം എന്ന് പൊതുവേ പറയപ്പെടുന്നു. ഭൗതികമായും ആത്മീയമായും ജീവിതത്തിൽ നിരന്തരമായി നമുക്ക് അന്വേഷണം നടത്തേണ്ടി വരുന്നു. ഈ അന്വേഷണമാണ് നമ്മുടെ ജീവിതത്തിന്റെ മേന്മ നിശ്ചയിക്കുന്നത്. ആത്മീയമായ അന്വേഷണമാണ് തത്വചിന്തകരെയും എഴുത്തുകാരെയും കലാകാരന്മാരെയും സൃഷ്ടിക്കുന്നത്. ജീവിതത്തിനപ്പുറം എന്ത് എന്ന അന്വേഷണമാണ് അവരുടെ ചിന്തകളെ ദീപ്തമാക്കുന്നത്. ആ അന്വേഷണമാണ് നമ്മുടെ ജീവിതത്തിനു പ്രസക്തിയും മാനവും നൽകുന്നത്.

ഭൗതികമായ അന്വേഷണം നമ്മെ നിത്യ ജീവിതത്തിലെ വെല്ലുവിളികളെ നേരിടാനും അത് വഴി വലിയ വിജയങ്ങൾ കൈപ്പിടിയിൽ ഒതുക്കാനും സഹായിക്കുന്നു.നിങ്ങൾ ആരുമാകട്ടെ തൊഴിൽ എന്തുമാകട്ടെ,നിങ്ങൾനിരന്തരമായഅന്വേഷണത്തിൽ ഏർപ്പെട്ടേ മതിയാകൂ. അത് തൊഴിലിൽ വിജയം കൈ വരിക്കുന്നതിനാകാം, നിത്യജീവിതത്തിൽ മാറ്റങ്ങൾ വരുന്നതിനാകാം. എന്തായാലും നിതാന്തമായ തേടൽ ആണ് നിങ്ങളെ മുന്നോട്ടു നയിക്കുന്നത്.

യന്ത്രങ്ങളും സമൂഹമാധ്യമങ്ങളും നമ്മുടെ ജിവിതം കൈയടക്കിയ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ശബ്ദങ്ങളും ദൃശ്യങ്ങളും നമ്മുടെ ജീവിതത്തെ തന്നെ ക്ലിഷ്ടമാക്കുന്ന ഈ കാലത്ത് ആ ലോകത്ത് ശാന്തിയും മാനസികോല്ലാസവും കൈവരുവാൻ അതിജാഗ്രതയോടെ വേണം നാം മുന്നേറാൻ.

അതുകൊണ്ട് എന്താണ് നമ്മുടെ ലക്ഷ്യമെന്ന് നാം സ്വയം കണ്ടെത്തുക. അത് നേടാനുള്ള നിതാന്തമായ തേടൽ ആകട്ടെ നമ്മുടെ ജീവിതം. പണമോ പദവിയോ പുതിയ അന്തസ്സോ അതിൽ ഒരു ഘടകമാണ് എങ്കിലും നമുക്ക് സന്തോഷവും സമാധാനവും തരുന്ന കാര്യങ്ങളിൽ ആകണം നമ്മുടെ ശ്രദ്ധ. അതിനു നാം നമുക്കിണങ്ങിയ സുഹൃത്തുക്കളും ബന്ധുക്കളും അടങ്ങിയ ഒരു ലോകം വിഭാവനം ചെയ്ത് അതിനായി പ്രവർത്തിക്കണം.

അന്വേഷണം നിരന്തരമായ ഒരു പ്രക്രിയയാണ്. ആ യാത്ര തന്നെയാണ് നമുക്ക് സന്തോഷകരമായ അനുഭവമായി മാറുന്നത്. ഫലപ്രാപ്തിയിൽ എത്തുമ്പോൾ ആ സന്തോഷം അതിര് കവിയും. ലക്ഷ്യവും മാർഗവും ഒന്ന് ചേരുമ്പോൾ അന്വേഷണം ഫലവത്താകുന്നു. പൂർണ്ണമാകുന്നു. ●


RAMRAJ

വെണ്മ

പുതിയ കാഴ്ചകൾ

വോള്യം 6 ലക്കം 10

ജൂൺ 2024

ഓണററി എഡിറ്റർ

**കെ ആർ നാഗരാജൻ**

പത്രാധിപർ

**ടി ജെ ജ്ഞാനവേൽ**

എക്സിക്യൂട്ടീവ് എഡിറ്റർ

**സെബാസ്റ്റ്യൻ ജോസഫ്**

അസിസ്റ്റന്റ് എഡിറ്റർ

**വേണുഗോപാൽ എസ്**

പ്രൊഡക്ഷനും ഡിസൈനും

തരു മീഡിയ (പ്രൈ) ലിമിറ്റഡ്

10/55, രാജു തെരുവ്

വെസ്റ്റ് മാമ്പലം,

ചെന്നൈ 600033



ഈ മാസികയുടെ ഒരു ഭാഗവും രേഖാപൂർവമുള്ള മുൻകൂർ അനുമതിയില്ലാതെ ഇലക്ട്രോണിക് മാധ്യമങ്ങൾ അടക്കം പുനപ്രസിദ്ധീകരിക്കുന്നത് പകർപ്പവകാശ നിയമനുസരിച്ച് നിരോധിക്കപ്പെട്ടിരിക്കുന്നു.



Published by

K.R. NAGARAJAN,

Published from

10, Sengunthapuram

Mangalam Road, TIRUPUR–641 604.

Email: venmaii@ramrajcotton.net



# ജീവിതത്തിന്റെ അർത്ഥം തേടണം

നിങ്ങൾ ആഗ്രഹിച്ച രീതിയിലാണോ ജീവിതം കൈവന്നിരിക്കുന്നത്? നിങ്ങളുടെ മനസ്സിന് സന്തോഷം ലഭിക്കുന്നുണ്ടോ? മനസ്സിന് സംതൃപ്തി നൽകുന്ന പ്രവർത്തികൾ ചെയ്യുന്നുണ്ടോ? ഈ ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരം ലഭിച്ചാൽ നിങ്ങളുടെജീവിതത്തിന്റെഅർത്ഥംബോധ്യമാകും. നിറവോടെയും സന്തോഷത്തോടെയും ജീവിക്കാൻ, ജീവിതത്തിന്റെ അർത്ഥം തേടേണ്ടത് അവശ്യം. അതിന് നിങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ:

- നിങ്ങൾക്ക് സന്തോഷം നൽകുന്ന പ്രവർത്തികൾ ഏവ, നിങ്ങൾക്ക് ഇഷ്ടമുള്ളവ ഏവ, ഏതിലാണ് നിങ്ങൾക്ക് അഭിനിവേശം എന്ന് പട്ടികപ്പെടുത്തണം. ഇത് നിങ്ങളുടെ ജോലിയുമായി ബന്ധപ്പെട്ടതാകാം ജീവിതവുമായി ബന്ധപ്പെട്ടാതാകാം. സമയം പോകുന്നത് അറിയാതെ എന്തൊക്കെ പ്രവൃത്തികൾ ഇഷ്ടപ്പെട്ട് ചെയ്യുന്നുവോ, എന്തു ചെയ്താൽ നിങ്ങൾക്ക് സന്തോഷം ലഭിക്കുന്നുവോ എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം ഈ പട്ടിക.
- നിങ്ങൾ നിങ്ങളോടു തന്നെ ചില ചോദ്യങ്ങൾ ചോദിക്കണം. നിങ്ങൾ ഇപ്പോൾ ചെയ്യുന്നത് എന്താണ്, ഇനി ചെയ്യേണ്ടത് എന്താണ് എന്നത് അത് ബോധ്യപ്പെടുത്തും. നിങ്ങളുടെ പക്കലുള്ള എന്ത് ചിന്തിച്ചാണ് നിങ്ങൾ അഭിമാനം കൊള്ളുന്നത്? മറ്റുള്ളവരുടെ എന്തൊക്കെ സ്വഭാവഗുണങ്ങൾ കണ്ട് നിങ്ങൾ അത്ഭുതപ്പെടുന്നു? എന്തു ചെയ്യുമ്പോഴാണ് നിങ്ങൾക്ക് അളവറ്റ ഉത്സാഹം ലഭിക്കുന്നത്? ഓരോ ദിവസവും എത്ര കണ്ട് സന്തോഷം നിങ്ങൾക്ക് അനുഭവപ്പെടുന്നുണ്ട്? നിങ്ങളുടെ ആയുസ്സ് ഇനി ഒരു മാസമേ ഉള്ളൂവെങ്കിൽ, ആ ഒരു മാസം നിങ്ങൾ എങ്ങനെ ചെലവഴിക്കും? ഈ ലോകത്ത് ഏതെങ്കിലും ഒരു കാര്യം മാറ്റാനുള്ള കരുത്ത് നിങ്ങൾക്ക് ഉണ്ടായാൽ, ഏതായിരിക്കും മാറ്റുക. ജീവതത്തിൽതീർച്ചയായുംചെയ്യണംഎന്ന്നിങ്ങൾ ചിന്തിക്കുന്നത് ഏത്? എന്ത് മാറ്റം വരുത്തിയാൽ നിങ്ങളുടെ ജീവിതം സന്തോഷകരമാകും? ഈ ചോദ്യങ്ങൾക്ക് പ്രത്യക്ഷമായ ഉത്തരം തേടണം.
- നിങ്ങൾ ഏത് പ്രവർത്തിയാണ് കൂടുതൽ ഇഷ്ടപ്പെടുന്നത്. ആരെയൊക്കെ മനസ്സറിഞ്ഞ് സ്നേഹിക്കുന്നുണ്ട് എന്നിങ്ങനെ മനസ്സിനുള്ളിൽ ഒരു പട്ടിക ഉണ്ടാക്കണം. ഈ പ്രവർത്തികൾക്കും ആ മനുഷ്യർക്കും എത്ര കണ്ട് സമയം ചെലവഴിക്കുന്നുണ്ട് എന്ന് ചിന്തിച്ചു നോക്കണം.

ആ സമയമായിരിക്കും നിങ്ങൾക്ക് സന്തോഷം നൽകുന്നത്. അത് വർധിപ്പിക്കണം.

● ഒരു കുഞ്ഞിനെപ്പോലെ ഒരു വിലക്കും ഇല്ലാതെ സന്തോഷമായിരിക്കുന്നത് അനുഗ്രഹം. അത്തരത്തിലുള്ള സന്തോഷം നിങ്ങൾക്ക് അവസാനം ഏതിൽ നിന്നാണ്, ആരോടൊപ്പം ചെലവഴിച്ചപ്പോഴാണ് ലഭിച്ചത് എന്ന് ചിന്തിച്ചു നോക്കണം. ഇത്തരത്തിൽ നിങ്ങൾക്ക് സന്തോഷം നൽകുന്ന പ്രവൃത്തികൾ ഇടയ്ക്കിടെ ചെയ്യണം.

● നിങ്ങൾക്ക് 90 വയസ്സ് ആയതായി സങ്കൽപിക്കണം. അപ്പോൾ നിങ്ങളുടെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കിയാൽ എന്തൊക്കെ കാര്യങ്ങളാണ് മനസംതൃപ്തി നൽകുന്നത്? കുടുംബത്തിൽ എല്ലാവർക്കും നല്ല ജീവിതം ഒരുക്കി നൽകിയത്, സ്വന്തം വീട് വച്ചത്, റിട്ടയർമെന്റിലും വരുമാനത്തിന് ഒരു മാർഗം കണ്ടെത്തിയത്, ഇവയെല്ലാം തൃപ്തി നൽകുന്നുണ്ടോ? അത്തരം കാര്യങ്ങൾ ഇപ്പോൾ തന്നെ ആസൂത്രണം ചെയ്യണം.

● ജീവിതത്തിൽ നിങ്ങൾക്ക് റോൾ മോഡലായിരിക്കുന്നത് ആരാണ്? അവരുടെ ഏത് ഗുണമാണ് നിങ്ങളെ ആകർഷിച്ചത്?



അവരിൽ നിന്ന് എന്താണ് പഠിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നത്? മനസ്സിൽ ഒരു പട്ടിക ഉണ്ടാക്കി അതെല്ലാം ചെയ്യണം. നിറവോടെ ജീവിച്ച് നിങ്ങളും ചിലർക്ക് റോൾ മോഡലായി മാറും.

● ധാരാളം പേർ തങ്ങൾക്കു ചുറ്റും ഒരു ലക്ഷ്മണരേഖ വരയ്ക്കും. അതാണ് സുരക്ഷിതമെന്ന് ചിന്തിക്കും. അത് മറികടന്ന് പുറത്തു വരാനോ പുതിയ മനുഷ്യരെ കാണാനോ അവർ ശ്രമിക്കില്ല. ആ ലക്ഷ്മണ രേഖ കടന്ന് പുറത്തു വരുമ്പോഴാണ് മറ്റൊരു ലോകം കാണാൻ കഴിയുന്നത്. നിങ്ങളുടെ താൽപര്യങ്ങളും കഴിവുകളും ആ ലോകവുമായി താരതമ്യം ചെയ്യാൻ കഴിയും. പുതിയ മനുഷ്യരോട് ഇടപഴകുമ്പോൾ, പുതിയ കാര്യങ്ങൾ പഠിക്കാൻ കഴിയും.

● ഏതെങ്കിലും ഒരു കാര്യത്തിന് അളവിലും അധികം പ്രാധാന്യം നൽകരുത്. 'ഇത് ഇല്ലെങ്കിൽ അത്' എന്നതു പോലെ അവസരങ്ങൾ തരംതിരിക്കണം. ഇന്ന് വൻകിട സ്ഥാപനങ്ങൾ പോലും ഒരേ സമയത്ത് പല സംരംഭങ്ങൾ ചെയ്യുന്നുണ്ട്.

● സമാനമായി ജീവിത സന്തോഷത്തിനും ആരെങ്കിലും ഒരാളെ മാത്രം ആശ്രയിച്ചിരിക്കരുത്. ബന്ധുക്കൾ, സുഹൃത്തുക്കൾ, ഓഫീസ് സഹപ്രവർത്തകർ എന്നിങ്ങനെ എല്ലാവരുമായും ഇടപഴകണം. അവരോട് നിങ്ങൾ സന്തോഷമായി ഇടപഴകിയാൽ അവരും സന്തോഷം നൽകും.

● നിങ്ങളുടെ ജീവിതത്തിലെ പ്രധാന ലക്ഷ്യം എന്താണ്? നല്ല ജോലി, സുഖകരമായ ജീവിതം, ലാഭം നൽകുന്ന ഒരു ബിസിനസ്... ഇങ്ങനെ എന്തു തന്നെ ആയിരുന്നാലും അത് ആസൂത്രണം ചെയ്യണം. കാലം മാറുമ്പോൾ ലക്ഷ്യവും മാറാം. അപ്പോൾ അതിന് അനുസൃതമായി മാറണം. 'നാം ശരിയായ ദിശയിലാണോ' എന്ന് ഇടയ്ക്കിടെ ഉറപ്പു വരുത്തണം. പഠനം, ജോലി, ബിസിനസ്, ജീവിതം എന്നിവയിലെ ഭൂരിഭാഗം പ്രവർത്തികളും നിങ്ങളെ ലക്ഷ്യത്തിലേക്ക് നയിക്കുന്നതായിരിക്കണം.

● ഒരു കാര്യവും നിങ്ങളുടെ ശ്രദ്ധ വ്യതിചലിപ്പിക്കരുത്. ചില സമയങ്ങളിൽ എന്റർടെയിൻമെന്റ് ആവശ്യമായി വരും. എന്നു കരുതി 'ഇങ്ങനെ ആണെങ്കിലേ സന്തോഷം ലഭിക്കൂ' എന്ന് ചിന്തിച്ച് എന്റർടെയിൻമെന്റുകളിൽ മുങ്ങിപ്പോകരുത്.താൽക്കാലികസന്തോഷത്തിനും നിരന്തര സന്തോഷത്തിനും വ്യത്യാസമുണ്ട്. ജീവിതത്തിൽ സംതൃപ്തി നൽകുന്നതാണ് നിരന്തര സന്തോഷം നൽകുന്നതും.

● ലക്ഷ്യം മുന്നിൽ കണ്ട് ജീവിക്കുമ്പോൾ കണ്മുന്നിൽ പല അവസരങ്ങളും തെളിയും. തീരുമാനങ്ങൾ ലളിതമായി എടുക്കാം. 'ഈ അവസരം എന്റെ ജീവിതത്തിന് അർത്ഥം നൽകുമോ?ഇത്ചെയ്താൽമുന്നേറ്റംഉണ്ടാകുമോ? എന്നിങ്ങനെ എല്ലാം വിലയിരുത്തി നോക്കണം. 'ഏതാണ് നാം ചെയ്യാൻ ആഗ്രഹിക്കാത്തത്' എന്ന് വ്യക്തമായി മനസ്സിലാക്കി, അവ ഒഴിവാക്കണം. ഏതാണോ ചെയ്യാൻ ആഗ്രഹിക്കുന്നത്, അത് ചെയ്യണം. ●

# അനുയോജ്യമായ ജോലി തേടണം



വൻകിട സ്ഥാപനത്തിൽ ഒരു നല്ല ജോലി എന്നത് ധാരാളം പേരുടെ സ്വപ്നമാണ്. പക്ഷേ ആ സ്വപ്നം യാഥാർത്ഥ്യമാക്കുന്നത് എങ്ങനെയെന്ന് പലർക്കും അറിയില്ല. തൊഴിലന്വേഷകർക്കിടയിൽ കിടമത്സരം വർധിച്ചെങ്കിലും വൻകിട സ്ഥാപനങ്ങൾ കഴിവുറ്റവരെ വലവീശി തേടിക്കൊണ്ടിരിക്കുകയുമാണ്. ഈ അന്വേഷണത്തിന് അനുയോജ്യമാംവിധം ഒരു ജോലിക്ക് തെരഞ്ഞെടുക്കപ്പെടുന്നത് ഒരു കലയാണ്. തൊഴിൽ വിപണിയിൽ സ്വന്തം കഴിവുകൾ വെളിപ്പെടുത്തി നല്ല ശമ്പളത്തിൽ സ്വയം വിറ്റഴിക്കണം. 'തൊഴിലന്വേഷണം' എന്നതിന്റെ ലളിതമായ വിശദീകരണം ഇതാണ്. അതിന് ചില മാർഗങ്ങൾ പിന്തുടരണം.

- 'ഏതു ജോലിയായലും കുഴപ്പമില്ല നന്നായി ചെയ്യാം' എന്ന് പറയുന്നവരെ ഭൂരിഭാഗം സ്ഥാപനങ്ങളും ആഗ്രഹിക്കില്ല. 'എനിക്ക് ഈ വിഷയത്തിൽ മിടുക്കുണ്ട്. ഈ ജോലി ഞാൻ ചെയ്യുന്നതു പോലെ മറ്റാർക്കും ചെയ്യാൻ കഴിയില്ല' എന്ന് ആത്മവിശ്വാസത്തോടെ പറഞ്ഞ് തൊഴിൽ അന്വേഷിക്കുന്നവർക്കാണ് സ്വീകാര്യത ലഭിക്കുന്നത്. അതിനാൽ, നാം ഏതു ജോലിക്കാണ് പോകുന്നത് എന്നതിന് വ്യക്തത ഉണ്ടായിരിക്കണം.

- ഒരു ജോലിയിൽ നിങ്ങൾ എന്താണ് പ്രതീക്ഷിക്കുന്നതെന്ന് നിങ്ങൾക്ക് വ്യക്തതയുണ്ടായിരിക്കണം. ഏതു തരം സ്ഥാപനത്തിലാണ് ജോലി, ആ ജോലിയിൽ പ്രതീക്ഷിക്കുന്ന ശമ്പളം, എവിടെയാണ് ജോലി ചെയ്യേണ്ടത്, ആ ജോലി മനസംതൃപ്തി നൽകുമോ എന്നിങ്ങനെയുള്ളവയെല്ലാം പരിഗണിക്കണം. എസി മുറിയിലിരുന്ന് ജോലി ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് മെഷീനുകൾക്കിടയിലുള്ള ബഹളമയമായ തൊഴിൽ അന്തരീക്ഷം സമാധാനം നൽകില്ല. വീട്ടുഭക്ഷണത്തിന്റെ രുചിക്ക് അടിമയായ ഒരാൾക്ക് മറ്റൊരു സംസ്ഥാനത്തെ ഇഷ്ടമല്ലാത്ത ഭക്ഷണം കഴിച്ച് ജോലി ചെയ്യാൻ കഴിയില്ല.

- ഏത് സ്ഥാപനത്തിലെ ജോലിയാണ് നിങ്ങളുടെ സ്വപ്നം? ആ സ്ഥാപനത്തെക്കുറിച്ച് ഗവേഷണം നടത്തണം. എത്തരത്തിലുള്ള ആൾക്കാർക്കാണ് അവിടെ അവസരം നൽകുന്നത്? എന്തൊക്കെ പാടവങ്ങളാണ് അവർ പ്രതീക്ഷിക്കുന്നത്? എത്തരത്തിലുള്ള സ്വഭാവഗുണങ്ങളാണ് അവർ ആഗ്രഹിക്കുന്നത്? എല്ലാം അറിഞ്ഞ് അതിന് അനുസൃതമായി മാറണം.

- പഠനം കഴിഞ്ഞ് പ്രവൃത്തി പരിചയമൊന്നും ഇല്ലാതെ പുറത്തിറങ്ങുന്നവർക്ക് ചില വൻകിട സ്ഥാപനങ്ങൾ നേരിട്ട് ജോലിക്കെടുക്കാറില്ല. എന്നാൽ, മറ്റു ചെറുകിട സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരെ വരവേൽക്കുകയും ചെയ്യും. അത്തരത്തിലുള്ള ചെറുകിട സ്ഥാപനങ്ങളിൽ ജോലിക്കു ചേർന്ന് പ്രവൃത്തി പരിചയം നേടിയ ശേഷം വൻകിട സ്ഥാപനങ്ങളിൽ ശ്രമിക്കാം.

- ധാരാളം പേർ തങ്ങളുടെ റെസ്യൂമിൽ ആർക്കും ഉപയോഗമില്ലാത്ത കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ടായിരിക്കും. റെസ്യൂം ലളിതമായിരിക്കണം. നിങ്ങൾ ഏത് ജോലിക്ക് അപേക്ഷിക്കുന്നുവോ, അതിന് അനുസൃതമായ





യോഗ്യതയും കഴിവും നിങ്ങൾക്ക് ഉണ്ട് എന്ന് നിങ്ങളുടെ റെസ്യൂമിൽ വിശദീകരിച്ചാൽ മതി. ഒരു സ്ഥാപനം നിങ്ങളുടെ റെസ്യൂം വായിക്കാൻ മാറ്റിവയ്ക്കുന്നത് ചില മിനിട്ടുകൾ മാത്രമാണ്. ഈ സമയത്തിനുള്ളിൽ അത് അവരെ ഇംപ്രസ് ചെയ്യുന്നതാണ് പ്രധാനം.

- എനിക്ക് ഇത്രയും വർഷത്തെ പ്രവൃത്തി പരിചയം ഉണ്ട്' എന്ന് റെസ്യൂമിൽ എഴുതുന്ന ഒരാൾ, താൻ ഇതിനു മുമ്പ് വഹിച്ച പദവികൾ മാത്രമായി വിവരിക്കരുത്. 'ഈ ജോലിയിൽ ഇത്തരത്തിലുള്ള വിജയങ്ങൾ കൊയ്തു' എന്ന് ചില കാര്യങ്ങൾ വിവരിക്കണം. വിജയികളെയാണ് സ്ഥാപനങ്ങൾ ഇരുകൈയും നീട്ടി സ്വീകരിക്കുന്നത്.

- ഒരാളെ ജോലിക്ക് തെരഞ്ഞെടുക്കും മുമ്പ് ആ വ്യക്തിയുടെ സ്വഭാവഗുണം സ്ഥാപനങ്ങൾ പരിശോധിക്കും. ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം എന്നിങ്ങനെയുള്ള സാമൂഹിക മാധ്യമങ്ങളിൽ എന്തൊക്കെയാണ് ഷെയർ ചെയ്തിരിക്കുന്നതെന്ന് അവർ നോക്കും. മറ്റുള്ളവരെ പ്രകോപിപ്പിക്കുന്നതോ വിദ്വേഷം പടർത്തുന്നതോ ആയവ പോസ്റ്റു ചെയ്യുന്നവരെ കമ്പനികൾ നിരാകരിക്കും. സമാനമായി ഇമെയിൽ ഐഡിയിലും ശ്രദ്ധ വേണം. 'ഡോൺ', 'രാക്ഷസൻ' എന്നിങ്ങനെയുള്ള നാമങ്ങളിൽ ഇമെയിൽ ഐഡി ഉള്ളവരെ ആദ്യ ഘട്ടത്തിൽ തന്നെ ഒഴിവാക്കും.

- ലിങ്ക്ഡ്ഇൻപോലെയുള്ളസമൂഹമാധ്യമങ്ങൾ തൊഴിൽ അന്വേഷിക്കുന്നവർക്ക് വലിയ സഹായമാണ്. ഇതിൽ ഓരോരുത്തരും എഴുതുന്ന പോസ്റ്റുകൾ കണ്ട് ധാരാളം സ്ഥാപനങ്ങൾ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കാറുണ്ട്. വൻകിട സ്ഥാപനങ്ങളിലെ എച്ച് ആറുകളെ ഈ മാധ്യമത്തിലൂടെ സമീപിക്കാൻ കഴിയും.

- 'നിങ്ങൾക്ക് അറിയാവുന്ന മിടുക്കർ ആരെങ്കിലും ഉണ്ടെങ്കിൽ പറയൂ' എന്ന് ധാരാളം പേരോട് റഫറൻസ് ആവശ്യപ്പെടാറുണ്ട്. 'നമുക്ക് അറിയാവുന്ന ഒരാൾ ഉണ്ടെന്ന്' ചിലർ ശുപാർശ ചെയ്യാറുമുണ്ട്. അതിനാൽ, എവിടെ ജോലിക്കു ചേർന്നാലും നല്ല മനുഷ്യരുമായുള്ള ബന്ധം വളർത്തണം. നിങ്ങൾ മികവോടെ ജോലി ചെയ്യും എന്ന് ബോധ്യപ്പെടുത്തണം. പിന്നീട് അവർ തന്നെ നിങ്ങൾക്ക് വാതിലുകൾ തുറന്നു നൽകും.

- നിങ്ങൾ ചെയ്യുന്നത് ഏതു ജോലി ആയാലും അടുത്ത ഘട്ടത്തിലേക്ക് പോകാൻ പര്യാപ്തമായ വിധം കഴിവുകൾ ദിവസംതോറും വളർത്തണം.

- ജോലി അന്വേഷിക്കുമ്പോൾ ഒരു ഘട്ടത്തിലും തളർന്നു പോകരുത്. ചിലർക്ക് ഭാഗ്യവശാൽ ഒറ്റ ദിവസം കൊണ്ട് ജോലി ലഭിക്കും. പലർക്കും ദിവസങ്ങൾ നീണ്ടു പോകും. ഉത്സാഹം കൈവെടിയാതെ ഇന്റർവ്യൂകളിൽ പങ്കെടുക്കണം. നിങ്ങളെ അഭിമുഖം നടത്തുന്നവർക്ക് ദേഷ്യമോ അസ്വാരസ്യമോ ഉണ്ടാകാത്ത വിധം രസകരമായി മറുപടി നൽകണം.'നിങ്ങളെ പരിചയപ്പെടുത്തൂ' 'നിങ്ങൾ എന്തു കൊണ്ട് ഈ ജോലി ഇഷ്ടപ്പെടുന്നു' എന്നിങ്ങനെയുള്ള സാമ്പ്രദായിക ചോദ്യങ്ങൾക്കും രസകരമായി ഉത്തരം നൽകാം. അഭിമുഖം കഴിഞ്ഞതും, മറക്കാതെ നന്ദി പറയണം. പോസിറ്റീവ് ആയി അഭിമുഖങ്ങളെ സമീപിച്ചാൽ വിജയം ഉറപ്പാണ്.









# നിങ്ങൾക്കുള്ളിലെ കുട്ടിയെ തേടണം

അമ്മയുടെ ഗർഭപാത്രത്തിൽ നിന്ന് ഒരു കുഞ്ഞ് ഈ ലോകത്ത് ആദ്യമായി എത്തുമ്പോൾ കരച്ചിലാണ് അത് ആദ്യം വെളിപ്പെടുത്തുന്നത്. അമ്മയുമായുള്ള പൊക്കിൾകൊടി ബന്ധം മുറിഞ്ഞു പോയ ഭയം. പുതിയ സ്ഥലത്ത് എത്തിച്ചേർന്നല്ലോ എന്ന ഭീതി. അങ്ങനെ കുഞ്ഞ് കരയാത്ത പക്ഷം, അതിന്റെ മുതുകിൽ ഡോക്ടർ ഒരു തട്ടുതട്ടി കരയിപ്പിക്കും.

ഇത്തരത്തിൽ ജീവിതം മുഴുവനും ഓരോ ഘട്ടത്തിലും ഏതെങ്കിലും ഒരു വിഷയം നമ്മെ തട്ടിത്തട്ടി വളർത്തും. അൽപം വളർന്ന് ലോകം മനസ്സിലാക്കാൻ തുടങ്ങിയതും, പലരും തങ്ങൾക്കുള്ളിൽ ഉള്ള കുട്ടിയെ മറക്കും.

പക്ഷേ, ആ കുട്ടിത്തത്തെ നിധി പോലെ കാത്തുസൂക്ഷിക്കുന്നവരിൽ പലരും പിൽക്കാലത്ത് വലിയ വിജയങ്ങൾ സൃഷ്ടിച്ചവരായി മാറിയിട്ടുണ്ട്.

ലിയനാർഡോ ഡാവിഞ്ചി ചെറുപ്പത്തിലേ മികവുറ്റ ചിത്രങ്ങൾ വരയ്ക്കാൻ തുടങ്ങിയിരുന്നു. ചിറകുകൾ ഉള്ള യന്ത്രങ്ങൾ അദ്ദേഹം ഭാവനയിൽ കണ്ട് വരച്ചു. പിൽക്കാലത്ത് വിമാനങ്ങൾ കണ്ടുപിടിക്കാൻ ആ ഭാവനയാണ് സഹായിച്ചത്.

കുട്ടിയായിരിക്കുമ്പോൾ ചാൾസ് ഡാർവിൻ, മരങ്ങളും കാടുകളും നിറഞ്ഞ ഭാഗങ്ങൾ അന്വേഷിച്ചു പോകുമായിരുന്നു. കളിക്കുമ്പോൾ ചുറ്റിലുമുള്ള മരങ്ങളെയും ജീവജാലങ്ങളെയും നിരീക്ഷിച്ചിരുന്നു. പിൽക്കാലത്ത് ജീവജാലങ്ങളുടെ പരിണാമ സിദ്ധാന്തം അദ്ദേഹം രൂപപ്പെടുത്തിയതിന് ഇതായിരുന്നു ആധാരം.

കുട്ടിക്കാലത്ത് ദേവാലയത്തിൽ സംഗീതം പരിശീലിച്ച് അതാണ് തന്റെ ജീവിതം എന്ന് ബോധ്യപ്പെട്ട മൊസാർട്ട്, പിൽക്കാലത്ത് സംഗീത പ്രതിഭയായി ഉയർന്നു വന്നു. സമാനമായി, സംഗീത റെക്കോർഡുകൾ ആവേശത്തോടെ ശേഖരിക്കാൻ ആരംഭിച്ച മിക്ക് ജാഗ്ഗർ, അവ കേട്ടു കേട്ട് സ്വന്തം സംഗീത വാസന തിരിച്ചറിഞ്ഞു. പിൽക്കാലത്ത് ലോക പ്രശസ്ത ഗായകനായി മാറി.

കുട്ടിയായിരിക്കുമ്പോൾ പാറക്കല്ലുകൾ കൊണ്ട് കളിക്കുമായിരുന്നു മേരി ക്യൂറി, ചില കല്ലുകൾ എന്തുകൊണ്ട് സൂര്യ പ്രകാശത്തെ ആഗിരണം ചെയ്യുന്നതെന്നും ചിലവ എന്തു കൊണ്ട് പ്രതിഫലിപ്പിക്കുന്നതെന്നും മനസ്സിൽ ഉയർന്ന ചോദ്യമാണ് പിൽക്കാലത്ത് നോബൽ പ്രൈസ് നേടിയ ശാസ്ത്രജ്ഞയായി മേരിയെ ഉയർത്തിയത്. വ്യത്യസ്തമായ അക്ഷരരൂപങ്ങളിൽ സ്റ്റീവ് ജോബ്സിന് ഉണ്ടായിരുന്ന ഇഷ്ടമാണ്

അദ്ദേഹത്തെ ആപ്പിൾ കമ്പ്യൂട്ടർ രൂപപ്പെടുത്താൻ പ്രേരിപ്പിച്ചത്.

ഇവരെല്ലാവരും തങ്ങളുടെ താൽപര്യങ്ങൾ കുട്ടിക്കാലത്തേ തിരിച്ചറിഞ്ഞവരാണ്. വളരുന്തോറും അത് പരിപോഷിപ്പിച്ചവർ. തങ്ങൾക്കുള്ളിൽ ഉള്ള കുട്ടിയെ ചേതനയോടെ സൂക്ഷിച്ചവർ. തങ്ങൾക്കുള്ളിൽ ഉള്ള കുട്ടിത്തം തങ്ങളെ കൃത്യമായ പാതയിൽ കൈ പിടിച്ചു കൊണ്ടുപോകും എന്ന് മനസ്സിലാക്കിയവർ.

നമ്മിൽ പലരും വളരുന്തോറും ആ കുട്ടിത്തത്തെ നഷ്ടപ്പെടുത്തും. ഈ ലോകവും നമ്മെ 'കുട്ടിയെപ്പോലെ പെരുമാററുത്, നിന്റെ വയസ്സിന് അനുസൃതമായി ജീവിക്കണം' എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു. ഉത്തരവാദിത്തങ്ങൾ, വെല്ലുവിളികൾ, പ്രശ്നങ്ങൾ എന്നിങ്ങനെ എല്ലാം വന്നു പൊതിയുമ്പോൾ നാം പക്വത കൈവരിക്കേണ്ട നിർബന്ധത്തിലാകുന്നു.

കുട്ടിയുടെ താൽപര്യവും മുതിർന്നവരുടെ അനുഭവവും ചേരുമ്പോൾ നാം വിജയത്തിന്റെ പാതയിൽ കാലെടുത്തു വയ്ക്കുകയാണ്. നമുക്കുള്ളിലുള്ള കുട്ടിയെ തേടി സുരക്ഷിതമാക്കുന്നത് എങ്ങനെ?

**കളികൾ:** ഓരോ ദിവസവും ചില മിനിട്ടുകൾ എന്തെങ്കിലും കളിക്കണം. അങ്ങനെ കളിക്കുമ്പോൾ നിങ്ങൾക്ക് സന്തോഷം ലഭിക്കേണ്ടത് പ്രധാനം.ജയപരാജയങ്ങളെക്കുറിച്ച് വേവലാതിപ്പെടാത്ത കളികൾ കളിക്കണം.

**വിശ്രമം:** ദിവസവും വിശ്രമം നിങ്ങൾക്ക് പ്രധാനമാണ്. ആ സമയം ചിന്തിക്കാൻ മാറ്റിവയ്ക്കണം. ഒരു ഇൻഷുറൻസ് സ്ഥാപനത്തിൽ ക്ലാർക്ക് ജോലി ചെയ്യുകയായിരുന്നു ഐൻസ്റ്റീൻ. അവിടെ വിശ്രമ സമയത്ത് ചിന്തിച്ച് സൃഷ്ടിച്ചവയാണ് അദ്ദേഹത്തെ മനുഷ്യകുലത്തിന്റെ മഹത്തായ ശാസ്ത്രജ്ഞനാക്കി മാറ്റിയത്. ഗണിത ശാസ്ത്രജ്ഞയും എഴുത്തുകാരിയുമായ അഡ ലവ്‌ലേസ് കമ്പ്യൂട്ടർ കണ്ടുപിടിക്കുന്നതിന് 120 വർഷങ്ങൾക്കു മുമ്പേ അതേക്കുറിച്ച് എഴുതി. വീട്ടിൽ വിശ്രമ സമയത്ത് ചിന്തിച്ച് എഴുതിയതാണ് അത്.



**ചോദ്യങ്ങൾ:** കുട്ടികൾ ഒരിക്കലും ചോദ്യം ചോദിക്കാൻ മടിക്കാറില്ല. മുതിർന്നവർ കേൾക്കാൻ മടിക്കുന്ന ചോദ്യങ്ങൾ അവർ മടിക്കാതെ ചോദിക്കും. അവർക്ക് ആവശ്യം ഉത്തരങ്ങളാണ്. ലഭിക്കും വരെ വിടാതെ ശല്യം ചെയ്യും. മുതിർന്നതും നാം തന്നെ പലതും ഊഹിച്ച് ചോദ്യം ചോദിക്കുന്നത് അവസാനിപ്പിക്കും. നിങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം തേടിക്കൊണ്ടേയിരിക്കണം.

**സൗഹൃദം:** കുട്ടികൾ ആരുമായും എളുപ്പത്തിൽ സൗഹൃദം സ്ഥാപിക്കും. ഒരിടത്തും നാണിച്ച് ഒറ്റയ്ക്ക് ഒതുങ്ങി നിൽക്കില്ല. കുട്ടിക്കാലം മുതൽ ലഭിക്കുന്ന സൗഹൃദങ്ങൾ മുറിയാതെ തുടരണം. സ്റ്റീവ് ജോബ്സും സ്റ്റെവ് വോസ്നിയാക്കും ദീർഘകാല സുഹൃത്തുക്കളാണ്. ആ സൗഹൃദമാണ് ആപ്പിളിന്റെ ആരംഭത്തിന് കാരണമായത്.

**താൽപര്യം:** വൈദ്യുതി കണ്ടുപിടിക്കാൻ ബെഞ്ചമിൻ ഫ്രാങ്ക്ളിൻ താൽപര്യത്തോടെ പട്ടം പറത്തി കളിച്ചു നോക്കി. ഒരു കല്ലും തൂവലും മുകളിൽ നിന്ന് താഴേക്ക് ഇട്ടാൽ ഏത് ആദ്യം താഴെ എത്തും എന്ന് കണക്കുകൂട്ടി ഗുരുത്വാകർഷണം മനസ്സിലാക്കി ഗലീലിയോ. താൽപര്യമാണ് പുതിയ പരിശ്രമങ്ങളുടെ അടിത്തറ.

**സ്വപ്നം:** ഈ പരീക്ഷയിൽ മാർക്ക് കുറഞ്ഞാൽ എന്തു സംഭവിക്കും? ഈ മാസം കുറഞ്ഞു പോയ വിൽപന എങ്ങനെ വീണ്ടെടുക്കും? ഓഫീസിൽ പൂർത്തിയാക്കാത്ത ജോലിക്ക് ശകാരിക്കുമോ? ഇവരോട് ചോദിച്ച വായ്പ തന്നില്ലെങ്കിൽ എന്തു ചെയ്യും? ഇങ്ങനെ തല പുണ്ണാക്കുന്ന ചോദ്യങ്ങൾ ഒരു ഭാഗത്ത് ഉണ്ടായിരുന്നാലും, മറ്റൊരു ഭാഗത്ത് സ്വപ്നം കാണുന്നത് അവസാനിപ്പിക്കരുത്. വർത്തമാന കാല പ്രശ്നങ്ങൾക്കും അപ്പുറം ഭാവികാലത്തെ വിശ്വാസങ്ങൾക്ക് സ്വപ്നങ്ങളാണ് വാതിൽ തുറന്നു വയ്ക്കുന്നത്.



# ജയം തേടി കണ്ടുപിടിച്ചവർ

'ഈ മേഖലയിൽ ഞാൻ ഇത്തരത്തിൽ വിജയം കൊയ്യാൻ ആഗ്രഹിക്കുന്നു' എന്ന് അന്വേഷിച്ച് ഇറങ്ങും പലർ. പ്രശ്നങ്ങൾ വന്ന് കാലുകളിൽ ചങ്ങല പോലെ ചുറ്റും. പരാജയങ്ങൾ സമ്മർദ്ദം നൽകും. ഇത് താങ്ങാനാകാതെ തളർന്നു പോകും പലരും. പക്ഷേ, 'എനിക്ക് സാധിക്കും' എന്ന് നിശ്ചയദാർഢ്യത്തോടെ നിന്നാൽ എന്തും നേടാം. അങ്ങനെ നേട്ടം കൊയ്ത ചില റോൾ മോഡലുകൾ ഇതാ:



**വുഡി അലൻ:** ഹോളിവുഡ് സിനിമകൾ കാണുന്നവർ ഇദ്ദേഹത്തെ അറിയാതിരിക്കില്ല. കാലത്തിന് മായ്ചു കളയാനാകാത്ത സിനികളുടെ സംവിധായകൻ. നാല് തവണ ഓസ്കാർനേടിയവ്യക്തി.പക്ഷേ, ചെറുപ്പത്തിൽ ന്യൂയോർക്ക് സർവകലാശാലയിൽ വിഷ്വൽ ആർട്സ് പരീക്ഷയിൽ പല തവണ പരാജയം രുചിച്ചു. ഒരു ഘട്ടത്തിൽ കോളെജിൽ നിന്ന് പുറത്താക്കപ്പെട്ടു. പഠിച്ച് ബിരുദം വാങ്ങിയില്ലെങ്കിലും താൻ ചിന്തിച്ചത് നേടിയ വ്യക്തി.

**ഗബ്രിയേൽ ജീസസ്:** ബ്രസീലിലെ പ്രശസ്ത ഫുട്ബോൾ താരം. കുട്ടിക്കാലത്ത് തെരുവുകളിൽ ഫുട്ബോൾ കളിച്ച് ശീലിച്ച അദ്ദേഹത്തിന്,



രാജ്യത്തിനു വേണ്ടി ഫുട്ബോൾ കളിക്കണം എന്ന് ആഗ്രഹം. 2014 ലോകകപ്പ് ബ്രസീലിൽ നടന്നപ്പോൾ, വെറും കാലോടെ തെരുവുകളിൽ പെയിന്റ് അടിക്കുന്ന ജോലി ചെയ്ത വ്യക്തി. ഫുട്ബോൾ മത്സരങ്ങൾ ആരുടെയോ വീട്ടിലെ ടിവിയിൽ കണ്ടിരുന്ന വ്യക്തി. തുടർച്ചയായ പരിശ്രമത്തിലൂടെ തന്റെ കഴിവ് തെളിയിച്ച് ഇന്ന് ബ്രസീൽ ടീമിൽ അംഗമാണ്. ഇന്ന് വർഷം തോറും 38 കോടി രൂപ സമ്പാദിക്കുന്നു.



**ഹോവാർഡ് ഷുൽസ്:** സ്റ്റാർബക്സ് തുടക്കത്തിൽ കാപ്പിക്കുരു മാത്രമായിരുന്നു വിറ്റിരുന്നത്.കസ്റ്റമർമാർക്ക്വന്ന് സുഖപ്രദമായി ഇരുന്ന് കോഫി കുടിക്കുന്ന കോഫി ഷോപ്പുകൾ ആരംഭിക്കണം എന്നതായിരുന്നു ഹോവാർഡിന്റെ സ്വപ്നം. ആ സമയത്ത് അദ്ദേഹം ആ സ്ഥാപനത്തിലെ ജീവനക്കാരൻ. അദ്ദേഹം പറഞ്ഞ ആശയം സ്ഥാപനം ചെവിക്കൊണ്ടില്ല. ജോലി രാജി വച്ച ഹോവാർഡ് രണ്ടു വർഷത്തിൽ ധാരാളം സമ്പാദിച്ച് ആ സ്ഥാപനം തന്നെ വാങ്ങി. ഇന്ന് അമേരിക്കയിൽ മാത്രമല്ല, ലോകമെമ്പാടും സ്റ്റാർബക്സ് കോഫി ഷോറൂമുകൾ ഉണ്ട്.



**സ്റ്റാൻലി സ്മിത്ത്:** അമേരിക്കയിലെ പ്രശസ്ത ടെന്നീസ് താരം. ഡേവിസ് കപ്പ് അമേരിക്കയ്ക്ക് എട്ടു തവണ സ്വന്തമാക്കാൻ കാരണമായ വ്യക്തി. പക്ഷേ, ചെറുപ്പത്തിൽ താൽപര്യത്തോടെ കോർട്ടിൽ എത്തിയപ്പോൾ, അദ്ദേഹത്തെ ഉള്ളിലേക്കു പോലും കയറ്റിയില്ല അധികാരികൾ. ‘സമയത്തിന് വരികയും ഇല്ല, കളിയിലും ശ്രദ്ധയില്ല’ എന്ന് പറഞ്ഞ് മാറ്റി നിർത്തി. മത്സരം നടക്കുമ്പോൾ കോർട്ടിന് പുറത്തു നിന്ന് പന്ത് എടുത്തു കൊടുക്കാൻ പോലും അദ്ദേഹത്തെ അനുവദിച്ചില്ല. എങ്കിലും, തന്റെ അന്വേഷണം ടെന്നീസിൽ ആണെന്ന് ദൃഢനിശ്ചയം ഉണ്ടായിരുന്ന അദ്ദേഹം നേട്ടം കൈവരിച്ചു.



**ഹാരിസൺ ഫോർഡ്:** ഇന്ന് പ്രശസ്ത ഹോളിവുഡ് അഭിനേതാവായി ഇദ്ദേഹത്തെ ലോകം അറിയും. പക്ഷേ, ചെറുപ്പത്തിൽ അദ്ദേഹം അനുഭവിക്കാത്ത വിഷമതകൾ ഇല്ല. തുടക്കത്തിൽ ചെറിയ വേഷങ്ങളിൽ അഭിനയിച്ചു. പക്ഷേ അവസരങ്ങളും വരുമാനവും കുറവ്. ഒരു ഘട്ടത്തിൽ ഭാര്യയേയും കുട്ടികളേയും നോക്കാൻ ആശാരിപ്പണി പോലും ചെയ്തു. എന്നിരുന്നാലും സിനിമയിലെ തേടൽ അവസാനിപ്പിച്ചില്ല. വീണ്ടും അവസരങ്ങൾ തേടിപ്പിടിച്ച് രണ്ട് തവണ കഴിവ് തെളിയിച്ചു. പിന്നീട് പ്രശസ്തിയുടെ വെളിച്ചം മങ്ങിയിട്ടില്ല.



**അമൻസിയോ ഒർട്ടേഗ:** സ്പെയിനിലെ ഒരു സാധാരണ റെയിൽവേ ജീവനക്കാരന്റെ മകനനായി ജനനം. ദാരിദ്ര്യം കാരണം പഠിക്കാൻ കഴിഞ്ഞില്ല. ഒരു ചെറിയ തയ്യൽക്കടയിൽ ജോലിക്കു ചേർന്നു. നാടു മുഴുവനും തുണികൾ വിൽക്കുന്ന കടകൾ തുറക്കണം എന്ന് സ്വപ്നം കണ്ടു. കഠിനാധ്വാനത്താൽ അദ്ദേഹത്തിന്റെ അന്വേഷണം വിജയിച്ചു. ഇന്ന് അദ്ദേഹത്തിന്റെ സാറാ എന്ന സ്ഥാപനം ലോകം മുഴുവനും ഉണ്ട്. യൂറോപ്പിലെ മൂന്നാമത്തെ വലിയ ധനികനായി അദ്ദേഹം മാറി.





**റേയ്മണ്ട് ക്രോക്ക്:** കടുത്ത ദാരിദ്ര്യം കൊണ്ട് ചെറുപ്പത്തിൽ പേപ്പർ കപ്പ്, മിൽക്ക് ഷേക്ക് എന്നിങ്ങനെ പല വസ്തുക്കൾ തെരുവുകളിൽ കൊണ്ടു പോയി വിറ്റിരുന്നു റേയ്മണ്ട് ക്രോക്ക്. ലോകം മുഴുവനും അറിയപ്പെടുന്ന ഒരു സ്ഥാപനം സ്ഥാപിക്കണം എന്ന് സ്വപ്നം കണ്ടു. 52-ആം വയസ്സിൽ മെക്ഡൊണാൾഡ് എന്ന സ്ഥാപനം വാങ്ങി. അമേരിക്കയിലെ ഒരു ചെറിയ കടയായിരുന്ന അതിനെ, ഇന്ന് ലോകം മുഴുവനും പടർന്ന റെസ്റ്റോറന്റ് ചെയിൻ ആയി വളർത്തി.



**സോയ്ചിറോ ഹോണ്ട:** ദരിദ്ര കുടുംബത്തിൽ ജനിച്ച്, ചെറുപ്പത്തിലേ അച്ഛനെ സഹായിക്കാൻ ജോലിക്കു പോയി ഹോണ്ട. വളരെ ബുദ്ധിമുട്ടി പഠിച്ച അദ്ദേഹം കുടുംബത്തെ സഹായിക്കാനായി ഒരു മെക്കാനിക്ക് ജോലിക്ക് ചേർന്നു. ഒരു മോട്ടോർ സൈക്കിൾ രൂപപ്പെടുത്തണം എന്നത് അദ്ദേഹത്തിന്റെ സ്വപ്നം. സൈക്കിളിൽ പഴയ മോട്ടോർ ഘടിപ്പിച്ച് ഓടിച്ചു നോക്കി തന്റെ അറിവ് വർധിപ്പിച്ചു. ഘട്ടം ഘട്ടമായി മുന്നേറി ഹോണ്ട എന്ന സ്ഥാപനം സ്ഥാപിച്ചു. ഇന്ന് ആ സ്ഥാപനം അറിയാത്തവർ ലോകത്ത് ആരുമില്ല. ●



# തേടൽ മൊഴികൾ

- ഏതാണോ നീ തേടിക്കൊണ്ടിരിക്കുന്നത്, അത് നിന്നെ തേടിക്കൊണ്ടിരിക്കുകയാണ്.
- സമാധാനം തേടി എവിടെയെല്ലാമോ യാത്ര ചെയ്യും, അവസാനം മടങ്ങിയതും അവിടെ അത് കണ്ടെത്തും.
- ഓരോ പരാജയവും ഒരു അനുഭവം; ഓരോ നഷ്ടവും ഒരു ലാഭം; ഓരോ മാറ്റവും ഒരു മുന്നറിയിപ്പ്; ഓരോ കാണാതെ പോകലും ഒരു തേടൽ.
- ജീവതപാതയിൽ അന്വേഷണം അവസാനമില്ലാത്തത്... ജീവിതത്തിലെ ഓരോ ഘട്ടത്തിലും മനുഷ്യൻ ഏതോ ഒന്ന് അന്വേഷിച്ചു കൊണ്ടിരിക്കുന്നു. അത് നേടിയ ശേഷം മറ്റൊന്ന് തേടും. അവസാനിക്കാത്ത അന്വേഷണം നമ്മെ ഉയരങ്ങളിലെത്തിക്കും.
- ഒരു മടങ്ങ് കഴിവ്, ഇരു മടങ്ങ് അന്വേഷണം, മൂന്നു മടങ്ങ് ക്ഷമ... ഇങ്ങനെ നിങ്ങളെ നിങ്ങൾ തന്നെ പരുവപ്പെടുത്തിയാൽ മാത്രമേ നിങ്ങളുടെ ലക്ഷ്യം കൈവരിക്കാൻ കഴിയൂ.
- തേടിത്തേടി ഒരു കാര്യം പൂർത്തിയാക്കും വരെ ‘അത് സാധ്യമാകില്ല’ എന്നു തന്നെ പലരും നെഗറ്റീവ് ആയി പറഞ്ഞു കൊണ്ടിരിക്കും.
- ഓരോ ദിവസവും മുന്നോട്ടു നീങ്ങുന്നതാണ് യഥാർത്ഥ അന്വേഷണം.
- ആത്മവിശ്വാസത്തോടെ അന്വേഷണം ആരംഭിച്ചാൽ മതി, ആ ആത്മവിശ്വാസം നിങ്ങളെ പകുതി ദൂരം കൂട്ടിക്കൊണ്ടുപോകും.
- പരാജയങ്ങൾ നിങ്ങളുടെ അന്വേഷണത്തിന് പ്രതിബന്ധം ആകരുത്. അവ നിങ്ങൾക്ക് വഴികാട്ടിയാകണം.
- ഇന്നത്തെ ദിവസം കഠിനമായിരിക്കാം, നാളെ അതിലും മോശമാകാം. അതിനു ശേഷം ആത്മ വിശ്വാസത്തിന്റെ പ്രകാശം കണ്ണുകളിൽ തെളിയും. അതിനാൽ അന്വേഷണം കൈവെടിയരുത്.
- ജീവിതത്തിൽ ചില പരിശ്രമങ്ങൾ കൈവിട്ടു പോകും. പക്ഷേ, ഒരിക്കലും അന്വേഷണം കൈവിടരുത്. അതാണ് നിങ്ങളുടെ ജീവിതത്തിന് അർത്ഥം നൽകുന്നത്.



- നിങ്ങളുടെ ഇന്നത്തെ അവസ്ഥ എങ്ങനെയും ആയിരിക്കട്ടെ. പക്ഷേ, അവസാനം ഒരു ദിവസം നിങ്ങൾ തേടിയത് കൈവരിക്കും. എത്ര ഇരുട്ടുള്ള ഗുഹയിൽ പെട്ടുപോയാലും അതിന്റെ അവസാനം വെളിച്ചയും തെളിയും.
- കഴിവുറ്റവർക്ക് മാത്രമേ തേടുന്നത് ലഭിക്കൂ എന്ന് ചിന്തിക്കരുത്. പോരാട്ട വീര്യത്തോടെ തളരാതെ അന്വേഷിക്കുന്നവർക്കാണ് ആഗ്രഹിച്ചത് ലഭിക്കുന്നത്.
- ജീവിതത്തിൽ പരാജയപ്പെട്ട പലരും പരിശ്രമമിക്കാത്തവരല്ല. തങ്ങൾ അന്വേഷിച്ചതിന് അടുത്തെത്തി തേടൽ അവസാനിപ്പിച്ച് പരാജയപ്പെട്ടവരാണ്.
- നിങ്ങൾ എന്താണോ അന്വേഷിക്കുന്നത്, അതിനു വേണ്ട അധ്വാനം നൽകിയാൽ അത് നിങ്ങൾക്ക് തീർച്ചയായും ലഭിക്കും. അതിനാൽ പരിശ്രമം കൈവെടിയരുത്.
- നിങ്ങൾ സാവകാശമാണോ വേഗത്തിലാണോ എന്നതൊന്നും പ്രധാനമല്ല. യാത്ര അവസാനിപ്പിക്കാതിരുന്നാൽ മതി. ലക്ഷ്യം കൈവരിക്കും.
- ഒരു അന്വേഷണത്തിൽ പരാജയം പ്രതിബന്ധമല്ല. അത് ഒരു അവസരമാണ്. വീണ്ടും ഒരിക്കൽകൂടി മികവോടെ പരിശ്രമിച്ച് വിജയം നേടാനുള്ള അവസരം.
- ജീവിതത്തിൽ പല പരജായങ്ങൾ നേരിടുന്ന ഒരാൾ, പരാജിതർ എന്ന മുദ്ര കുത്താപ്പെടാറില്ല. ഉള്ളിൽ തേടൽ ഉണ്ടെങ്കിൽ തീർച്ചയായും വിജയിക്കാൻ കഴിയും.
- നിന്റെ സന്തോഷം മറ്റുള്ളവരിൽ തേടരുത്. അത് നിനക്ക് ഒറ്റപ്പെടൽ മാത്രം നൽകും. നിന്റെ സന്തോഷം നിന്നക്കുള്ളിൽ തേടണം. ആനന്ദം കൈവരിക്കും.
- അന്വേഷണം ഉള്ള ജീവജാലങ്ങൾക്കേ ദിവസവും വിശക്കൂ. അന്വേഷണം ഉള്ളതു വരെ ജീവിതം രുചികരമായിരിക്കും. നാം ഏതാണോ അന്വേഷിക്കുന്നത് അതായി നാം മാറും.
- ജീവിതത്തിൽതേടൽഇല്ലെങ്കിൽകെട്ടിനിൽക്കുന്ന വെള്ളം പോലെ പായൽ പിടിച്ച് ഉപയോഗശൂന്യമാകും. നദിയെപ്പോലെ ഒഴുകിക്കൊണ്ടിരിക്കണം. അപ്പോഴേ ജീവിതത്തിൽ വസന്തം വീശൂ.
- ജീവതം അന്വേഷണമാണ്. ഹാളിൽ ഇരുന്നാൽ ടിവി റിമോട്ട് തേടണം, റൂമിലിരുന്നാൽ എസി റിമോട്ട് തേടണം, വെളിയിൽ പോകണമെങ്കിൽ ബൈക്ക് ചാവി തേടണം. ഏതാണ് തേടുന്നതെന്ന് മനസ്സിലാക്കി തേടിയാൽ സമാധാനത്തോടെ ജീവിക്കാം.
- അന്വേഷണം എന്നല്ല അതിന്റെ പേര്. അടുത്ത ഘട്ടം. അതിനെ 'മുന്നേറ്റം' എന്ന് വിളിക്കാം. അതാണ് നാം തേടുന്നത്. ശരിയായ പാതയിൽ ശ്രദ്ധവ്യതിചലിക്കാതെ പോയാൽ തേടിയത് കൈവരിക്കാം.
- അന്വേഷണം ഉണ്ടെങ്കിലേ ജീവിതം മുന്നോട്ടു പോകൂ. അന്വേഷണം ഇല്ലാത്ത ജീവിതം, കടലിൽ ഒഴുക്കിയ പേപ്പർ കപ്പൽ പോലെ ദിശയറിയാതെ മുങ്ങിപ്പോകും.
- അന്വേഷണം ഉള്ളതു വരെ മാത്രമേ ഈ ജീവിതത്തിൽ പല ഭംഗിയുള്ള നിമിഷങ്ങൾ നമുക്ക് മനസ്സിലാക്കാൻ കഴിയൂ. ആ അന്വേഷണം മാറിക്കൊണ്ടേയിരിക്കും. അന്വേഷണമാണ് ശാശ്വതമായത്.
- അന്വേഷിച്ച് നിന്റെ അതിർത്തി അറിയും വരെ ഓടണം. വിജയം കൈയെത്തും വരെ തേടിക്കൊണ്ടിരിക്കണം. വിജയം ബഹുദൂരത്തിലല്ല, പ്രഭാതം വിടരുമ്പോൾ വിജയവും വിടരും.
- ഏതോ ഒന്ന് നഷ്ടപ്പെടുന്നതു മൂലം ഏതോ ഒന്ന് നേടുന്നു എന്ന് സമാധാനം കൊള്ളുന്ന മനസ്സ് നഷ്ടപ്പെട്ടത് ഓർത്ത് ദുഃഖിക്കാറില്ല. ആത്മവിശ്വാസം തളിരിട്ട് അന്വേഷണം ആരംഭിക്കും.
- ഏതാണോ നമ്മുടെ അന്വേഷണം, അതിൽ നാം അലിഞ്ഞു പോകും. തേടലിൽ അലിഞ്ഞ് തേടലിന്റെ ഉത്തരമായി നാം മാറുന്നതാണ് നമ്മുടെ ജീവിതത്തിൽ നാം അറിയാത്ത കാര്യം.
- കണ്ണുകളുടെ അന്വേഷണത്തിൽ അല്ല ജീവിതം; വേദനയുടെ അന്വേഷണത്തിലാണ് ജീവിതം ഉള്ളത്.
- അന്വേഷണം അവസാനിപ്പിക്കുമ്പോൾ ആഗ്രഹിച്ചത് ലഭിക്കും. ●

# ജ്ഞാനം തേടണം

നദിക്കരയിലൂടെ യാത്ര ചെയ്യുകയായിരുന്നു ഒരു യുവാവ്. കൊടും വെയിലിൽ തളർന്ന് ഒരു മരത്തണലിൽ വിശ്രമിച്ചു. അവിടെ ഒരു സന്ന്യാസി ഇരുന്നിരുന്നു. വിശന്നിരിക്കുന്ന യുവാവിനെ കണ്ട സന്ന്യാസി, തന്റെ സഞ്ചിയിൽ നിന്ന് ഭക്ഷണം എടുത്ത് അവന് നൽകി. അപ്പോഴാണ് യുവാവ് ശ്രദ്ധിച്ചത്, സന്ന്യാസിയുടെ സഞ്ചിയിൽ അമൂല്യമായ ഒരു രത്നക്കല്ല്. സന്ന്യാസിക്ക് എന്തിനാണ് ഇത് എന്ന് ചിന്തിച്ചു. 'സ്വാമി, ഞാൻ ഉപജീവനം തേടി അന്യദേശത്തേക്ക് പോകുകയാണ്. ആ കല്ല് എനിക്ക് നൽകിയാൽ സമാധാനത്തോടെ ജീവിക്കാം' എന്ന് പറഞ്ഞു.

സന്ന്യാസി മടിക്കാതെ അത് എടുത്തു നൽകി. 'എനിക്ക് ഇത് ആവശ്യമില്ല. വഴിയിൽ നിന്ന് കിട്ടിയതാണ്. ഇരിക്കട്ടെ എന്ന് സഞ്ചിയിൽ എടുത്തു വച്ചു' എന്നു പറഞ്ഞു. ആ ഒരു രത്നക്കല്ലു കൊണ്ട് അവന്റെ നാട്ടിലുള്ള എല്ലാ വസ്തുക്കളും വാങ്ങാൻ കഴിയും. നാട്ടിലെ വലിയ ധനികനാകാം. യുവാവ് സന്തോഷത്തോടെ അദ്ദേഹത്തോട് യാത്ര പറഞ്ഞ് പുറപ്പെട്ടു.

പക്ഷേ, നിമിഷങ്ങൾക്കകം മടങ്ങി വന്ന് ആ സന്ന്യാസിയുടെ കാലുകളിൽ വീണ് നമസ്കരിച്ചു. 'ഈ രത്നക്കല്ല് എനിക്ക് വേണ്ട സ്വാമി. ഞാൻ ആവശ്യപ്പെട്ടപ്പോൾ മടിയൊന്നും കൂടാതെ അത് നൽകിയില്ലേ, ആ മനസ്സാണ് ഇതിനേക്കാൾ വില ഉയർന്നത്. അത് നേടാനുള്ള മാർഗം മാത്രം പഠിപ്പിക്കൂ' എന്ന് പറഞ്ഞു.

സന്ന്യാസി ചിരിച്ചു. 'നീ തിരിച്ചു വരും എന്ന് എനിക്കറിയാം. നല്ല രീതിയിൽ നീ ചിന്തിച്ചിരിക്കുന്നു. ഈ കല്ലിനേക്കാൾ വില ഉയർന്നതാണ് നിന്റെ ബുദ്ധി എന്ന് നീ മനസ്സിലാക്കി' എന്ന് പറഞ്ഞു അദ്ദേഹം. ജ്ഞാനം തേടുന്ന മാർഗം പഠിപ്പിച്ചു അദ്ദേഹം.

പുസ്തകങ്ങളിൽ നിന്ന് പഠിക്കുന്നത് മാത്രമല്ല ജ്ഞാനം. പഠിച്ചതെല്ലാം ജീവിതത്തിൽ ഉപയോഗപ്പെടുത്തുമ്പോഴാണ് ജ്ഞാനം പൂർണത നേടുന്നത്. അത് നീണ്ട യാത്രയാണ്. അതിൽ നിങ്ങൾക്ക് നിങ്ങൾ തന്നെ പരീക്ഷകൾ വയ്ക്കണം. വേദനകളും പോരാട്ടങ്ങളും നിറഞ്ഞതായിരിക്കും അത്.

ജീവിതം എന്ന പള്ളിക്കൂടത്തിൽ ക്ഷമ, തുടർച്ചയായ പരിശ്രമം, പോരാട്ട വീര്യം എന്നിവ ഉണ്ടായിരിക്കണം. ഭയം, പരാജയ ഭീതി, മറ്റുള്ളവരുടെ കളിയാക്കലുകൾ, അസൂയ എന്നിങ്ങനെയുള്ളവ അവഗണിച്ച് വിനയത്തോടെ ഈ യാത്ര തുടരണം. പോസിറ്റീവ് ആയ മനോഭാവവും ശമിക്കാത്ത ദാഹവും ഉണ്ടെങ്കിൽ അമൂല്യമായ ജ്ഞാനം നേടാം. ജ്ഞാനം സമ്പാദിക്കാൻ കാലയളവ് ഒന്നുമില്ല. നാം എത്ര കണ്ട് അറിവ് നേടിയിരിക്കുന്നു എന്നത് അളക്കാനും ഉപകരണമില്ല.

പല പോരാട്ടങ്ങൾ നേരിട്ട്, ചില പരാജയങ്ങൾ അനുഭവിച്ച ശേഷമേ പൂർണമായ ജ്ഞാനം നേടാൻ കഴിയൂ. തെറ്റുകൾ എങ്ങനെ ഒഴിവാക്കാം എന്ന് സ്കൂളുകളിലും കോളെജുകളിലും പഠിപ്പിക്കും. എന്നാൽ, ജീവിതം നമുക്ക് തെറ്റുകൾ ചെയ്ത് എങ്ങനെ പഠിക്കണം എന്ന് ബോധ്യപ്പെടുത്തും. ജ്ഞാനം തേടിയുള്ള യാത്രയിൽ ധാരാളം പഠിക്കുമ്പോൾ തെറ്റുകളും പോരാട്ടങ്ങളും കുറയും.

ഈ ലോകത്ത് പണം കൊണ്ട് വാങ്ങാൻ കഴിയുന്ന സ്വർണത്തേയും വൈരത്തേയുംകാൾ മഹത്തായത് ജ്ഞാനം. അത് ഉണ്ടെങ്കിൽ, എന്തും നേടാനുള്ള ശക്തി ലഭിക്കും. ●



# വിജയം തേടണം

**ജീവിതത്തിൽ വിജയം എന്നാൽ എന്താണ്? ഓരോരുത്തർക്കും ഇതിന്റെ അളവുകോലുകൾ വ്യത്യസ്തമാണ്.**

ഒരു പരീക്ഷ. അതിൽ എല്ലാ വിഷയങ്ങളിലും വല്ല വിധേനയും 35 മാർക്ക് നേടി വിജയിക്കുന്നു ഒരു വിദ്യാർത്ഥി. അവന്റെ കുടുംബം മുഴുവനും ആഹ്ലാദത്തിൽ ആറാടി. അയൽപക്കങ്ങളിൽ മധുരം വിളമ്പി തന്റെ വിജയം ആഘോഷിക്കുന്നു അവൻ. കാരണം, അവന്റെ കുടുംബത്തിൽ ഇതിനു മുമ്പ് ആരും ഇത്ര പോലും പഠിച്ചതില്ല. ഇതേ പരീക്ഷയിൽ മറ്റൊരു വിദ്യാർത്ഥി 96 ശതമാനം മാർക്ക് വാങ്ങി ജയിക്കുന്നു. പക്ഷേ, അവന്റെ വീട്ടിലെ എല്ലാവരും നിരാശയിലാണ്. സംസ്ഥാനത്തെ മികച്ച ഒരു കോളെജിൽ ചേർന്ന് പഠിക്കാൻ അവൻ ആഗ്രഹിച്ചിരുന്നു. രണ്ട് മാർക്ക് കൂടി നേടിയിരുന്നെങ്കിൽ അത് നടന്നിരുന്നേനെ. ആ ആഗ്രഹം ഉടഞ്ഞു പോയതിനാൽ അവന് സന്തോഷമില്ല. അങ്ങനെയെങ്കിൽ ഏതാണ് വിജയം?

സിവിൽ സർവീസ് പരീക്ഷ എഴുതി മൂന്നു ഘട്ട പരീക്ഷ താണ്ടി വിജയിക്കുന്നവർക്കേ അഭിമാനകരമായ പദവികളിൽ എത്താൻ കഴിയൂ. മൊത്തത്തിൽ ആ പരീക്ഷയിൽ കൂടുതൽ മാർക്ക് നേടിയവർ ഐ എ എസ് അധികാരികൾ ആകും. അതിന് അടുത്ത മാർക്ക് നേടിയവർക്ക് ഐ എഫ് എസ്, ഐ പി എസ് പദവികളിൽ എത്താം. റാങ്കിംഗ് അടിസ്ഥാനത്തിൽ ഇത്തരത്തിൽ പദവികൾ നൽകും. 700, 800 റാങ്കുകൾ നേടിയവർക്ക് അത്ര പ്രാധാന്യമില്ലാത്ത സേവന മേഖലയിൽ ജോലി നൽകും. 700-ൽ താഴെ റാങ്ക് നേടിയ പലരും തങ്ങൾക്ക് ലഭിച്ച ജോലിയിൽ ചേരും. പക്ഷേ നൂറാം റാങ്ക് നേടിയ ഒരാൾ വീണ്ടും അടുത്ത വർഷം പരിശ്രമിക്കും. ആ വ്യകതിക്ക് അതിനേക്കാൾ ഉയർന്ന പദവി നേടുന്നതാണ് വിജയം.

ഒരു തെരഞ്ഞെടുപ്പിൽ കൂടുതൽ സീറ്റുകളിൽ ജയിച്ച കക്ഷിക്ക് ഭരണം പിടിക്കാൻ ചിലരുടെ പിന്തുണ ആവശ്യമായി വരും. പക്ഷേ, രണ്ടും മൂന്നും സ്ഥാനങ്ങളിൽ എത്തിയ കക്ഷികൾ ഒത്തു ചേർന്ന് സഖ്യകക്ഷികളായി ഭരണത്തിൽ കയറും. ഇത്തരത്തിലുള്ള വിരോധാഭാസങ്ങൾ അനവധിയുണ്ട്. ഒന്നാം സ്ഥാനത്ത് എത്തിയവർക്കാണോ വിജയം, രണ്ടും മൂന്നും സ്ഥാനങ്ങളിൽ എത്തിയവർക്കാണോ വിജയം?

ക്രിക്കറ്റിൽ ഫൈനൽ വരെ എത്തി പരാജയപ്പെട്ട് ടീം നിരാശയിലായിരിക്കും. രണ്ടാം സ്ഥാനത്തെത്തിയതു പോലും അവർക്ക് താങ്ങാൻ കഴിയില്ല. പക്ഷേ നാലാം സ്ഥാനത്തുള്ള ടീം ആവേശത്തിലായിരിക്കും. സെമി ഫൈനലിൽ എത്തിയതു തന്നെ നമുക്ക് വലിയ വിജയം എന്ന് അവർ വിശ്വസിക്കും.

ഈ ഉദാഹരണങ്ങൾ പറയുന്ന സത്യം, വിജയം എന്നത് ഓരോരുത്തർക്കും ഓരോ വിധമാണ്. നാം എന്താണോ പ്രതീക്ഷിക്കുന്നത്, അത് നടന്നാൽ വിജയം. വിചാരിച്ചതു പോലെ നടന്നില്ലെങ്കിൽ, അത് പരാജയം. അതിനാൽ, നിങ്ങളുടെ നേട്ടങ്ങളെ നിങ്ങളുടെ പ്രതീക്ഷകൾ കൊണ്ട് അളന്നു നോക്കണം.

അനായാസമായി വിജയം നേടിയാൽ, അത് ഭാഗ്യം എന്ന് ചിലർ കരുതും. പരാജയങ്ങൾക്കു ശേഷം കഷ്ടപ്പെട്ട് പരിശ്രമിച്ച് നേടുന്ന വിജയത്തിന് രുചി അധികം. ചെറുതും വലുതുമായ പല വിജയങ്ങളും പരാജയങ്ങളും കലർന്നതാണ് ജീവിതം. പഴയ പരാജയങ്ങളെ ഓർത്ത് തളർന്നു പോകാതെ, പഴയ വിജയങ്ങളുടെ ആവേശത്തോടെ പുതിയ വിജയങ്ങൾ തേടണം.





# സ്വപ്നം തേടണം

ജീവിതത്തിൽ എല്ലാവർക്കും ഒരു മഹത്തായ സ്വപ്നവും മറ്റു ചില ചെറിയ സ്വപ്നങ്ങളും ഉണ്ടായിരിക്കും. സ്വപ്നങ്ങൾ നേടാനുള്ള യാത്രയാണ് ഒരാളെ ജീവിതം മുഴുവനും പ്രസരിപ്പോടെ മുന്നോട്ടു കൊണ്ടുപോകുന്നത്. പോരാടാനുള്ള കരുത്ത് നൽകുന്നത്. നാം അടുക്കുന്തോറും അത് അകന്നു പോകുന്നത് ബോധ്യപ്പെടും. തുടർച്ചയായി പരിശ്രമിക്കാത്തവർ വഴിയിൽ അത് ഉപേക്ഷിക്കും. അവരുടെ സ്വപ്നം നിരാശയായി നീളും. പിന്നീട് അവരുടെ ജീവിതം നിരർത്ഥകമായി മാറും.

നമ്മുടെ സ്വപ്നം നാം കൈവരിക്കുന്നതിന് തടസ്സമാകുന്ന ശത്രുക്കൾ പുറത്ത് അധികമില്ല. ഓരോരുത്തരുടെയും ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന അലസത, സംശയം, ഭയം, വിമുഖത, തീരുമാനമില്ലായ്മ എന്നിവയാണ് അവരുടെ ശത്രുക്കൾ. ഈ ശത്രുക്കളെ നിഷ്പ്രഭരാക്കാൻ കഴിഞ്ഞാൽ, ഏത് സ്വപ്നവും വന്നണയും.

എല്ലാ സ്വപ്നങ്ങളും നിറവേറിയാൽ ജീവിതം സമാധാനപൂർണമായി എന്ന് ചിന്തിക്കും. ശരിയായ സ്വപ്നം തെരഞ്ഞെടുത്താലേ അത് സാധ്യമാകൂ. അല്ലാത്തപക്ഷം അനിഷ്ടങ്ങൾ സംഭവിക്കും. ഈ കഥയിൽ വരുന്ന പെൺകുട്ടി അതിന് ഉദാഹരണം.

ഒരു ഗ്രാമത്തിൽ ദരിദ്രയായ ഒരു പെൺകുട്ടി ഉണ്ടായിരുന്നു. ധനികരായ പെൺകുട്ടികളെ കണ്ട് നിരാശയോടെ അവൾ വളർന്നു. സൗകര്യമുള്ള വീട് ഇല്ല. നല്ല വസ്ത്രങ്ങൾ ഇല്ല. ഇഷ്ടഭക്ഷണം ഇല്ല. ചിരിച്ച് സംസാരിച്ച് കളിക്കാൻ കൂട്ടുകാരികൾ ഇല്ല. ഏത് സമയത്തും അവൾ ദുഃഖിച്ചിരുന്നു.

ഇത് ശ്രദ്ധിച്ച ഒരു ദേവത അവൾക്കു മുന്നിൽ പ്രത്യക്ഷപ്പെട്ടു. 'നിനക്ക് ഒരു വരം തരാം. എന്താണ് വേണ്ടതെന്ന് ചോദിക്കൂ' എന്ന് പറഞ്ഞു. ദേവതയെ കണ്ടതും ആ പെൺകുട്ടിക്ക് വലിയ അമ്പരപ്പായി. ദേവതയെ തൊഴുത് നന്ദി പറഞ്ഞ്, എന്തു വരം ചോദിക്കണമെന്ന് ചിന്തിച്ചു. വീട്, ആഭരണങ്ങൾ, വസ്ത്രങ്ങൾ എന്നിങ്ങനെ എന്തു ചിന്തിച്ചാലും എല്ലാം പ്രധാനപ്പെട്ടതു തന്നെ. നീണ്ട നേരം ചിന്തിച്ചിട്ടും അവൾക്ക് തീരുമാനമൊന്നും എടുക്കാൻ കഴിഞ്ഞില്ല.

പെൺകുട്ടിയുടെ അവസ്ഥ ആ ദേവതയ്ക്ക് മനസ്സിലായി. 'വിഷമിക്കണ്ട. നിനക്ക് വ്യത്യസ്തമായ ഒരു വരം നൽകാം. അതിലൂടെ ഓരോ ദിവസവും നീ ചിന്തിക്കുന്ന ഒരു ആഗ്രഹം നിറവേറും. ദിവസം ഉറക്കമെണീറ്റ ഉടൻ നീ എന്താണോ ചിന്തിക്കുന്നത്, അത് നടക്കും' എന്ന് വരം നൽകി ദേവത അപ്രത്യക്ഷയായി.

ആ പെൺകുട്ടി വലിയ സന്തോഷത്തോടെ അടുത്ത ദിവസത്തെ പ്രഭാതത്തിനായി കാത്തിരുന്നു. ഉറക്കമെണീറ്റതും, 'അടുത്ത നഗരത്തിൽ ഒരു മണിമാളിക വേണം' എന്ന്

ആവശ്യപ്പെട്ടു. ഇത്തരത്തിൽ ഓരോ ദിവസവും സൗകര്യങ്ങൾ കുമിഞ്ഞു കൂടി ആഡംബര മാളികയിൽ സകല സൗകര്യങ്ങളോടും ബന്ധുക്കളോടും കൂടി ജീവിച്ചു. ദിവസംതോറും പുതിയ സൗകര്യങ്ങൾ അവൾക്ക് വന്നു ചേർന്നു കൊണ്ടിരുന്നു. തുടക്കത്തിൽ ഇതെല്ലാം അവൾക്ക് അമ്പരപ്പും സന്തോഷവും നൽകി.

ദിവസം കഴിയുന്തോറും പല പ്രശ്നങ്ങളും ഉണ്ടായി. ജോലിക്കാർ എന്തൊക്കെയോ മോഷ്ടിച്ചു കൊണ്ടുപോയി. ബന്ധുക്കൾ അവളെക്കുറിച്ച് കെട്ടുകഥകൾ ഉണ്ടാക്കി പറഞ്ഞു. പുതുതായി വന്ന കൂട്ടുകാരികൾ അവളിൽ നിന്ന് ധാരാളം വസ്തുക്കൾ പ്രതീക്ഷിച്ചു. ചിലർ വന്ന്, 'നാളെ എനിക്കു വേണ്ടി ഈ വരം ചോദിക്കണം' എന്ന് ഭീഷണിപ്പെടുത്തി. ഇത്തരത്തിൽ പുതിയ പുതിയ പ്രശ്നങ്ങൾ നേരിട്ട അവൾക്ക് സമാധാനം പൂർണമായും നഷ്ടമായി. ഓരോ ദിവസവും വിടരുമ്പോൾന്തോഷത്തിനുപകരംഭയംഏർപ്പെട്ടു.

അവസാനം ഒരു ദിവസം ദേവതയെ പ്രാർത്ഥിച്ച് കരഞ്ഞു. 'എനിക്ക് ഒരേയൊരു വരം നൽകിയൽ മതി. ഇതിനു മുമ്പ് ഞാൻ എങ്ങനെ ജീവിച്ചോ ആ സമാധാന പൂർണമായ ജീവിതം വെണം. എന്റെ സ്വപ്നങ്ങളെല്ലാം സ്വപ്നങ്ങളായിത്തന്നെ അവശേഷിക്കട്ടെ' എന്ന് പറഞ്ഞു. 'അങ്ങനെയാകട്ടെ' എന്ന് ദേവതയും.

തേടുന്നത് ശരിയായ സ്വപ്നങ്ങൾ അല്ലെങ്കിൽ, പ്രശ്നങ്ങളായിരിക്കും ഫലം. അതുപോലെ മറ്റുള്ളവരുടേതിന് സമാനമല്ലാത്ത സ്വപ്നങ്ങളായിരിക്കുകയും വേണം. അങ്ങനെ അല്ലാത്തതിനാൽ ഒരു രാജാവിന് പല പ്രശ്നങ്ങളും നേരിടേണ്ടി വന്നു.

ഒരു രാജാവിന്റെ സ്വപ്നത്തിലും ദേവത പ്രത്യക്ഷപ്പെട്ടു. 'നീ ആവശ്യപ്പെടുന്ന ഒരു വരം ഞാൻ നൽകാം. നാളെക്കു മുമ്പ് തീർച്ചപ്പെടുത്തി കണ്ണുകളടച്ച് ആവശ്യപ്പെട്ടാൽ, അത് നടക്കും' എന്ന് പറഞ്ഞു.

രാവിലെ ഉണർന്നതും തന്റെ മന്ത്രിമാരെ വിളിച്ച് ചർച്ച ചെയ്തു രാജാവ്. ഓരോരുത്തരും ഓരോ അഭിപ്രായം പറഞ്ഞു. മൂത്ത മന്ത്രി, 'എനിക്കൊരു ആശയം തോന്നുന്നു, പ്രഭു. നമ്മുടെ നാട്ടിലെ പൗരന്മാർ എല്ലാവരും ചിന്തിക്കുന്നത് നടക്കണം. എന്ന വരം ആവശ്യപ്പെടൂ. എല്ലാവർക്കും ആവശ്യപ്പെട്ടത് ലഭിക്കും. മൊത്തത്തിൽ രാജ്യം സമൃദ്ധമാകും. ഈ ലോകത്തു തന്നെ 'ചിന്തിക്കുന്നതെല്ലാം നടക്കുന്ന ഒരേ രാജ്യം' എന്ന പെരുമ നമുക്ക് വന്നു ചേരും' എന്ന് പറഞ്ഞു.



പുതിയതായി ജോലിക്കു ചേർന്ന മന്ത്രിമാരിൽ ഒരാൾ, 'അത്തരത്തിലുള്ള വരം ആവശ്യപ്പെടരുത്, പ്രഭോ. അത് അനിഷ്ടത്തിൽ കലാശിക്കും' എന്ന് പറഞ്ഞു. പക്ഷേ മറ്റ് മന്ത്രിമാർ, 'നീ പുതിയ ആളാണ്. നിനക്ക് എന്ത് അറിയാം?' എന്ന് അദ്ദേഹത്തെ ശകാരിച്ചു. രാജാവും അതിനുള്ളിൽ കണ്ണടച്ച് വരം ആവശ്യപ്പെട്ടു.

അതിനു ശേഷം രാജ്യം മുഴുവനും പല മാറ്റങ്ങൾ സംഭവിച്ചു. പെട്ടെന്ന് ചില കുടിലുകൾ മാളികകളായി. പലരുടെയും ശരീരം മുഴുവനും സ്വർണാഭരണങ്ങൾ തിളങ്ങി. വൃദ്ധർ യുവാക്കളായി മാറി. രോഗികൾ രോഗമുക്തി നേടി. ഊഷരഭൂമി ഉർവരമായി. ചിലർ ചിറകുകൾ മുളച്ച് പറക്കാൻ തുടങ്ങി. എല്ലാവർക്കും 'നാം ചിന്തിക്കുന്നത് നടക്കുന്നു' എന്ന് ഒറ്റ ദിവസം കൊണ്ടു മനസ്സിലായി.

തുടർന്ന് അനിഷ്ടങ്ങൾ സംഭവിക്കാൻ തുടങ്ങി. അസൂയാലുക്കൾ, 'എന്റെ ശത്രുവിന്റെ വീട് തകർന്നു വീഴട്ടെ' എന്ന് ചിന്തിച്ചു. പല കെട്ടിടങ്ങൾ പൊളിഞ്ഞു വീണു. ചിലർ പെട്ടെന്ന് ഭിക്ഷക്കാരായി മാറി. പലരും അജ്ഞാത രോഗങ്ങൾക്ക് അടിമകളായി. ഇങ്ങനെ പകയും അസൂയയും എങ്ങും നിറഞ്ഞു. രാജാവിനോട് ഇത്തരത്തിൽ വരം ആവശ്യപ്പെടാൻ പറഞ്ഞ മൂത്ത മന്ത്രി രാജാവിനെ അട്ടിമറിച്ച് താൻ രാജാവാകാൻ വരം ആവശ്യപ്പെട്ടു. അത് സംഭവിച്ചു. പഴയ രാജാവ് ജീവൻ കിട്ടിയാൽ മതി എന്ന് പറഞ്ഞ് കൊട്ടാരത്തിൽ നിന്ന് ഓടിപ്പോയി. 'വരം ആവശ്യപ്പെടരുത്' എന്ന് മുമ്പ് രാജാവിനെ തടുത്ത പുതിയ മന്ത്രി ഇപ്പോൾ രാജാവിനെ രക്ഷപ്പെടുത്തി. 'പ്രഭോ, ആര് ചിന്തിക്കുന്നതും നടക്കാൻ പാടില്ല. എല്ലാം പഴയപടിയാകണം' എന്ന് കണ്ണുകൾ അടച്ച് വരം ആവശ്യപ്പെടൂ. ആ ദേവതയ്ക്ക് അവസ്ഥ മനസ്സിലാകും. അവർ താങ്കളുടെ പ്രാർത്ഥന നിറവേറ്റും' എന്നു പറഞ്ഞു. അതേ പോലെ സംഭവിച്ചു.

ആരുടെ ജീവിതത്തിലും വിരോധാഭാസങ്ങൾ ഉണ്ടാക്കാത്ത, മറ്റുള്ളവർക്ക് ദുഃഖം നൽകാത്ത സ്വപ്നങ്ങളാണ് ഭംഗിയുള്ളവയും നിറവേറാൻ അർഹതയുള്ളവയും.

RAMRAJ നിങ്ങളുടെ വീട്ടിൽ വെണ്മ എത്തണ്ടേ?

# വെണ്മ

## വരിക്കാരാകൂ



'ഉന്നതമായ ചിന്തകൾ ലോക മെമ്പാടും എത്തേണ്ടതുണ്ട്' എന്ന ഉൽകൃഷ്ടമായ ലക്ഷ്യത്തിൽ മികവുറ്റ ലക്കങ്ങൾ തുടർന്നും എത്തിച്ചു കൊണ്ടിരിക്കുകയാണ് വെണ്മ. ഓരോ കുടുംബവും അമൂല്യ മായ നിധി പോലെ സൂക്ഷിക്കേണ്ട ഒന്നാണ് ഈ ലക്കം.

**ഒരു വർഷം സബ്സ്ക്രിപ്ഷൻ 200 രൂപ**
**രണ്ട് വർഷം സബ്സ്ക്രിപ്ഷൻ 380 രൂപ**

VENMAII എന്ന പേരിൽ എഴുതിയ/എടുത്ത ചെക്ക് / ഡിഡി അയക്കുക. അതിന്റെ പിൻഭാഗത്ത് നിങ്ങളുടെ പേരും വിലാസവും എഴുതണം.

അല്ലെങ്കിൽ

VENMAII എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (A/C No:1809135000000299 Karur Vysya Bank, Tirupur SR Nagar Branch - IFSC: KVBL0001809) പണം ചെലുത്തി ആ രസീതിന്റെ പകർപ്പ് സബ്സ്ക്രിപ്ഷൻ ഫോമിനോടൊപ്പം അയക്കാം.


**വെണ്മ**
രാംരാജ് വി ടവർ.
10, ചെങ്കുന്തപുരം, മംഗലം റോഡ്,
തിരുപ്പൂർ-641 604
email: venmaii@ramrajcotton.net


**സബ്സ്ക്രിപ്ഷൻ അടയ്ക്കാനും വെണ്മ ലക്കം മൊത്തത്തിൽ വാങ്ങാനും ബന്ധപ്പെടൂ.**
**ഫോൺ: 0421-4304106, 98422 74137**

## ഒരു നിമിഷം കൊണ്ട് വെണ്മയുടെ വരിക്കാരാകാം

1. നിങ്ങളുടെ സബ്സ്ക്രിപ്ഷൻ PhonePe G Pay എന്നിവ വഴി അടയ്ക്കാം.

UPI ട്രാൻസാക്ഷനിലൂടെയും മൊബൈൽ ഫോൺവഴിയും വെണ്മയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം. വെണ്മ UPI id: kvbupiqr.75626@kvb

Bharat QR code സൗകര്യമുള്ള മൊബൈൽ ബാങ്കിങ് ആപ്പ് ഉപയോഗിക്കുന്നവർ, അതിൽ ഇവിടെ നൽകിയിരിക്കുന്ന വെണ്മയുടെ ബാങ്ക് അക്കൗണ്ടിന്റെ QR code സ്കാൻ ചെയ്ത് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം.

2. പണം അടച്ചതായി ബാങ്കിൽ നിന്നുള്ള സന്ദേശം Forward ചെയ്യൂ

3. അതോടൊപ്പം പൂർണമായ മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും വാട്സ്ആപ്പ് ചെയ്യൂ. മൊബൈൽ ഫോൺ നം: 98422 74137

**ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ:**
**Venmaii**
**A/C No: 1809135000000299, Karur Vysya Bank**
**Tirupur SR Nagar Branch, IFSC Code :KVBL0001809.**

## വിദ്യാർത്ഥികൾക്ക് പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ **125** മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ **250** മാത്രം

(ആറാം ക്ലാസിനു മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അയക്കണം)

## സീനിയർ സിറ്റിസൺ പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ **125** മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ **250** മാത്രം

(60 വയസ്സിനു മുകളിലുള്ളവർക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ ജനനത്തീയതിയുടെ തെളിവിന്റെ പകർപ്പും അയക്കണം)

**ഷോറൂമുകളിൽ നിന്ന് 10,000 രൂപയ്ക്കു മേൽ ഉൽപന്നങ്ങൾ വാങ്ങുന്നവർക്ക്**
**ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ സമ്മാനമായി നൽകും**




Owned, Published by K.R.NAGARAJAN, Published from 10, Sengunthapuram, Mangalam Road, TIRUPUR–641 604 & Printed by B.ASHOK KUMAR at RATHNA OFFSET PRINTERS, 40, Peters Road, Royapettah, Chennai-600014. Editor : T.J.GNANAVEL



Inners for Winners
RAMRAJ
VESTS
BRIEFS • TRUNKS
നിങ്ങളുടെ
ഉള്ളുണർവിനെ
ഉയിർത്തെഴുന്നേൽപ്പിക്കൂ !
ആഘോഷങ്ങളും വെല്ലുവിളികളും കൊണ്ട് സന്തോഷവും ആത്മവിശ്വാസവും ദിവസം മുഴുവനും തൊട്ടറിയൂ, നിങ്ങളുടെ തനതായ രൂപഭംഗി രാംരാജ് ബനിയനുകൾ കൊണ്ട് വിളിച്ചറിയിക്കൂ.
Shreyas Iyer - Cricketer
SCAN QR CODE FOR STORE LOCATION
SUKRA SUPER FINE COTTON VESTS
RISE-UP Premium Banians
ROMEX BANIANS | BRIEF | TRUNKS
COMPACT PREMIUM COTTON RIB VESTS
Breeze Eye Let Vests
WinStripe STRIPED BANIANS
ARCHERY Gym Vest
ACOSTE BANIANS | BRIEF | TRUNKS
suriya RICH COTTON BRIEF
udaya RICH COTTON BRIEF
minar FINE COTTON BRIEF
merc MERCERISED BRIEF
target FINE TRUNKS
softex FINE TRUNKS
imaxs RIB TRUNKS
ARROW RIB TRUNKS
VINTRACK FINE TRUNKS
Available @ Ramraj Showrooms & All leading textile shops | Shop online @ www.ramrajcotton.in

Venma Monthly - Postal Registration No. TN/TRU/31/2024-26. Registered with the Registrar of Newspapers for India under No.TNMAL/2017/75251.
Day of Publishing: 01-06-2024.Posted at Tirupur BPC on 5th of every month.

